8
2022
ഫെബ്രുവരി
ചൊവ്വ
മകരം 25

NAUTICAL TIMES
KERALA
നോട്ടിക്കൽ ടൈംസ്
കേരള
The National Daily in Malayalam / English
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-3, Issue No. 234 Page 4, | Price: Rs. 2 | പുസ്തകം-3 ലക്കം-234 | പേജ് 4. വില 2.00 രൂപ




02 ജനകീയ ഹോട്ടലുകൾ കൂടുതൽ മെച്ചമാകും: മന്ത്രി കെ.എൻ. ബാലഗോപാൽ

03 രണ്ട് 40 നില കെട്ടിടങ്ങൾ പൊളിക്കാൻ സുപ്രീംകോടതി നിർദേശം

04 കോൺഗ്രസിൻേറത് ധിക്കാരം നിറഞ്ഞ സമീപനം: പ്രധാനമന്ത്രി

# ലോകായുക്ത ഓർഡിനൻസിൽ ഗവർണർ ഒപ്പിട്ടു



തിരുവനന്തപുരം: വിവാദമായ ലോകായുക്ത ഓർഡിനൻസിൽ ഗവർണർ ഒപ്പിട്ടു. ഓർഡിനൻസിൽ ഒപ്പിടരുതെന്ന പ്രതിപക്ഷത്തിൻറെ അപേക്ഷ ഉൾപ്പടെ രാഷ്ട്രീയ വിവാദം ചൂടുപിടിച്ചിരുന്ന സമയത്തുണ്ടായ ഗവർണറുടെ നടപടി സർക്കാരിന് ആശ്വാസമായിരിക്കുകയാണ്.

ഭേദഗതി അംഗീകരിച്ചതോടെ ലോകായുക്തയുടെ വിധി സർക്കാരിന് തള്ളാമെന്ന സുപ്രധാന വ്യവസ്ഥ നിയമമായിരിക്കുകയാണ്. ഓർഡിനൻസിനെതിരേ ഇടത് മുന്നണിയിലെ രണ്ടാം കക്ഷിയായ സിപിഐ തന്നെ ശക്തമായ വിമർശനം ഉന്നയിച്ചിരുന്നു.

അമേരിക്കയിലെ ചികിത്സയ്ക്ക് ശേഷം തലസ്ഥാനത്ത് തിരിച്ചെത്തിയ മുഖ്യമന്ത്രി ഞായറാഴ്ച വൈകിട്ട് രാജ്ഭവനിൽ എത്തി ഗവർണർ ആരിഫ് മുഹമ്മദ് ഖാനെ കണ്ടിരുന്നു. ലോകായുക്തയുടെ 14ാം വകുപ്പ് ഭരണഘടന വിരുദ്ധമായതുകൊണ്ടാണ് ഭേദഗതി കൊണ്ടുവന്നതെന്ന് മുഖ്യമന്ത്രി ഗവർണറെ ധരിപ്പിച്ചു.

കൂടാതെ ഭേദഗതിക്ക് എജിയുടെ നിയമോപദേശമുണ്ടെന്നും മുഖ്യമന്ത്രി വിശദീകരിച്ചിരുന്നു. പിന്നാലെയാണ് ഓർഡിനൻസിൽ ഗവർണർ ഒപ്പുവച്ചത്.

ഗവർണർ ഒപ്പിട്ടതോടെ ഓർഡിനൻസിനെതിരേ പ്രതിപക്ഷത്തിൻറെ നീക്കം എന്താകുമെന്നാണ് ഇനി ശ്രദ്ധാകേന്ദ്രം. സിപിഐയുടെ പ്രതികരണവും നിർണായകമാണ്.

## ജീവനൊടുക്കിയപ്പോൾ നീതി കിട്ടി; മരിച്ച മത്സ്യത്തൊഴിലാളിയുടെ ഭൂമി തരംമാറ്റി

കൊച്ചി: പറവൂർ മൂത്തകുന്നത്ത് ജീവനൊടുക്കിയ മത്സ്യത്തൊഴിലാളി സജീവൻറെ ഭൂമി റവന്യൂ വകുപ്പ് തരംമാറ്റി നൽകി. എറണാകുളം ജില്ലാ കളക്ടർ ജാഫർ മാലിക് സജീവൻറെ വീട്ടിലെത്തി രേഖകൾ കൈമാറി.

അതേസമയം, സജീവൻ ജീവനൊടുക്കിയ സംഭവത്തിൽ ലാൻറ് റവന്യൂ ജോയിൻറ് കമ്മിഷണർ, റവന്യൂ ഉദ്യോഗസ്ഥർ എന്നിവരിൽ നിന്ന് തെളിവെടുത്തിരുന്നു. ഉദ്യോഗസ്ഥരെ ഫോർട്ട് കൊച്ചി ആർഡിഒ ഓഫിസിൽ വിളിച്ചുവരുത്തിയാണ് തെളിവെടുപ്പ് നടത്തിയത്.

ഫോർട്ട് കൊച്ചി ആർഡിഒ, പറവൂർ താലൂക്ക് ഓഫിസർ, മൂത്തകുന്നം വില്ലേജ് ഓഫിസർ തുടങ്ങിയവർ ഉൾപ്പെടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു. അന്വേഷണത്തിൻറെ ഭാഗമായി കമ്മിഷണർ സജീവൻറെ കുടുംബാംഗങ്ങളുടെയും ഭാഗം കേട്ടു.

വീട്ടുപറമ്പിലെ മരക്കൊമ്പിലാണ് സജീവനെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. മുപ്പത് വർഷം മുൻപാണ് സജീവൻ അഞ്ച് സെൻറ് ഭൂമി വാങ്ങി വീട് പണിതത്. കടബാധ്യതയേറിയതിന് പിന്നാലെയാണ് വീടും സ്ഥലവും പണയം വച്ച് വീട്ടാമെന്ന തീരുമാനത്തിലെത്തിയത്. ആധാരത്തിൽ ഭൂമി നിലം എന്നാണ് രേഖപ്പെടുത്തിയിരുന്നത്. ഇതിനാൽ വായ്പ്പ നൽകാൻ സാധിക്കില്ലെന്ന് ബാങ്ക് ഉദ്യോഗസ്ഥർ അറിയിച്ചതായി ബന്ധുക്കൾ പറയുന്നു.

ഈ സാഹചര്യത്തിലാണ് ഭൂമി പുരയിടം എന്നാക്കി മാറ്റുന്നതിനായി സജീവൻ സർക്കാർ ഓഫീസുകളെ സമീപിച്ചത്. കഴിഞ്ഞ ഒരു വർഷമായി വില്ലേജ് ഓഫീസ് മുതൽ ആർഡിഒ ഓഫീസ് വരെ കയറിയിറങ്ങിയിട്ടും നടപടിയുണ്ടായില്ലെന്ന് ബന്ധുക്കൾ പറയുന്നു.

കഴിഞ്ഞ ദിവസം ആർഡിഒ ഓഫീസിലെത്തിയപ്പോൾ അപമാനിച്ചിറക്കി വിട്ടതായും ബന്ധുക്കൾ ആരോപിക്കുന്നു. ദുശിച്ച ഭരണവും കൈക്കൂലിയുമാണ് തൻറെ മരണത്തിൻറെ ഉത്തരവാദികളെന്നും ആത്മഹത്യാക്കുറിപ്പിൽ പറഞ്ഞിരുന്നു.

## ഇതെൻ്റെ പുനർജ്ജന്മം: വാവ സുരേഷ്

ശ്രീകാര്യം: മൂർഖൻ പാമ്പിന്റെ കടിയേറ്റ് മരണത്തെ മുഖാമുഖം കണ്ട വാവ സുരേഷ് ശ്രീകാര്യത്തെ കുടുംബ വീട്ടിലെത്തി അച്ഛനെയും അമ്മയെയും കണ്ടു. തന്നെ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരാൻ വേണ്ടി പ്രയത്നിച്ച മന്ത്രി വി.എൻ.വാസവനും തന്നെ ചികിതിസിച്ച ഡോക്ടർമാർക്കും തനിക്ക് വേണ്ടി പ്രാർത്ഥിച്ചവർക്കും നന്ദി അറിയിച്ച ശേഷം വാവ സുരേഷ് ഇപ്പോൾ താമസിക്കുന്ന മെഡിക്കൽ കോളേജിന് സമീപമുള്ള ലോഡ്ജിലേക്ക് മടങ്ങി. ഇന്നലെ വൈകിട്ട് 5 .30 നു് ശ്രീകാര്യത്തെ കുടുംബ വീടായ തേരുവിള വീട്ടിൽ വാവ സുരേഷ് എത്തിയത്. വാവ സുരേഷ് വരുന്നതറിഞ്ഞു മാതാപിതാക്കളായ കൃഷ്ണമ്മയും ബാഹുലേയനും സഹോദരി ലാലിയുംബന്ധുക്കളും നാട്ടുകാരും കാത്തുനിന്നു. . ചില ഓൺലൈൻ മാധ്യമങ്ങൾ തനിക്കെതിരെ ആരോപണങ്ങൾ ഉന്നയിച്ചിരുന്നു .അതിൽ വിഷമമുണ്ടെങ്കിലും തനിക്ക് ആരോടും പരിഭവമില്ലെന്നും വാവ സുരേഷ് പറഞ്ഞു. അതുപോലെ വനം വകുപ്പിലെ ചില താത്കാലിക ജീവനക്കാർ തനിക്കെതിരെ ആരോപണം ഉന്നയിച്ച് അപവാദ പ്രചാരണം നടത്തുന്നതായും ആരോഗ്യം വീണ്ടെടുത്ത ശേഷം പാമ്പു പിടിത്തം പുനരാരംഭിക്കുമെന്നും വാവ സുരേഷ് പറഞ്ഞു. ഇക്കഴിഞ്ഞ ജനുവരി 31 ന് വൈകിട്ട് 4 മണിക്ക് കോട്ടയം കുറിച്ചി കരിനാട്ടു കവലയിൽ മൂർഖനെ പിടിച്ച് ചാക്കിനകത്ത് ആക്കുമ്പോഴായിരുന്നു മൂർഖന്റെ കടിയേറ്റത്. ആദ്യം സ്വകാര്യ ആശുപത്രിയിലും പിന്നീട് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലും പ്രവേശിപ്പിച്ചു. ഗുരുതരാവസ്ഥയിലുള്ള ആരോഗ്യ നില മെച്ചപ്പെട്ടതോടെയാണ് ഇന്നലെ രാവിലെ 11 .30 ന് ആശുപത്രി വിട്ടത് .കടിയേറ്റ ഭാഗത്തെ മുറിവ് ഇനിയും ഉണങ്ങിയിട്ടില്ല

### വാവാ സുരേഷിന് സിപിഎം വീട് നിർമിച്ച് നൽകും

കോട്ടയം: വാവാ സുരേഷിന് സിപിഎം വീട് നിർമിച്ച് നൽകും. മന്ത്രി വി.എൻ. വാസവൻ ഫേസ്ബുക്കിലൂടെയാണ് ഇക്കാര്യം അറിയിച്ചത്. സിപിഎം നേതൃത്വം നൽകുന്ന അഭയം ചാരിറ്റബിൾ സൊസൈറ്റിയാണ് വീട് നിർമിക്കുന്നത്.

സുരേഷിനെ ആശുപത്രിയിൽ എത്തിച്ചതിന് ശേഷം അദ്ദേഹത്തിൻറെ സ്നേഹിതരിൽ നിന്ന് ഏറ്റവും കൂടുതൽ ഉയർന്ന് വന്ന ആവശ്യം ഒരു വീട് നിർമിച്ച് നൽകണം എന്നതായിരുന്നു.

ഇതിന് മുൻപ് പലരും ഈ നിർദേശം മന്നോട്ട് വച്ചെങ്കിലും അദ്ദേഹം സ്നേഹപൂർവം നിരസിക്കുകയായിരുന്നു. എന്നാൽ ഞാൻ ഇക്കാര്യം സുരേഷിനോട് സംസാരിച്ചപ്പോൾ അത് സാറ് തീരുമാനിച്ചോളു എന്നാണ് മറുപടി നൽകിയതെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു.

പ്രളയകാലത്തും കോവിഡ് കാലത്തും സേവനരംഗത്ത് മാതൃകയായി നിന്ന പ്രസ്ഥനമാണ് അഭയം. അഭയത്തിൻറെ ചുമതലയിൽ സുരേഷിൻറെ അമ്മയുടെ പേരിലുള്ള നാട്ടിലെ ഭൂമിയിലാണ് വീട് നിർമിച്ച് നൽകുകയെന്നും വാസവൻ അറിയിച്ചു.



## ഗവർണറെ രൂക്ഷമായി വിമർശിച്ച് കെ. സുധാകരൻ

തിരുവനന്തപുരം: ലോകായുക്ത ഓർഡിനൻസിൽ ഒപ്പ് വച്ച ഗവർണർ ആരിഫ് മുഹമ്മദ് ഖാനെതിരെ രൂക്ഷ വിമർശനവുമായി കെപിസിസി അധ്യക്ഷൻ കെ. സുധാകരൻ. അഴിമതി വീരനായ മുഖ്യമന്ത്രിക്ക് കുടപിടിക്കുന്ന ഭരണത്തലവനായി ഗവർണർ മാറിയത് കേരളത്തിൻറെ മഹാദുരന്തമാണെന്ന് സുധാകരൻ പറഞ്ഞു.

വിജിലൻസിനെയും മറ്റും പിണറായി സർക്കാർ വന്ധീകരിച്ചപ്പോൾ ജനങ്ങൾക്കുണ്ടായിരുന്ന ഏക പ്രതീക്ഷയാണ് ഇപ്പോൾ ഇല്ലാതായിരിക്കുന്നത്. നിയമഭേദഗതിയിലൂടെ പ്രസക്തി നഷ്ടപ്പെട്ട ലോകായുക്തയെ പിരിച്ചുവിടുന്നതാണ് ഉചിതം.

പഠനം ചെയ്തും മനനം ചെയ്തും പുറപ്പെടുവിക്കുന്ന വിധികൾ ഭരണാധികാരികൾ ചവറ്റുകുട്ടയിലേക്കു വലിച്ചെറിയുന്ന പുതിയ സാഹചര്യമാണ് ഉരുത്തിരിയുന്നത്. ആത്മാഭിമാനത്തോടെ അവിടെ ജോലി ചെയ്യാൻ ഇനിയാർക്കും കഴിയുമെന്നു തോന്നുന്നില്ല. നീർജ്ജീവവും ആത്മാവില്ലാത്തതുമായ ലോകായുക്തയെ കേരളത്തിന് ആവശ്യമില്ലെന്നും സുധാകരൻ വ്യക്തമാക്കി.

കാഴ്ചക്കാരായി മാറിയ സിപിഐയുടെ അവസ്ഥയും പരിതാപകരമാണ്. ബിജെപി നേതാവിനെ പേഴ്സണൽ സ്റ്റാഫിൽ നിയമിച്ച് ആർഎസ്എസിൻറെ കാര്യാലയമായി രാജ്ഭവനെ മാറ്റാനാള്ള നീക്കം കേരളം ഞെട്ടലോടെയാണ് കാണുന്നതെന്നും സുധാകരൻ കുറ്റപ്പെടുത്തി.

## സ്വപ്നയെ തള്ളി ആനത്തലവട്ടം ആനന്ദൻ; പുനരന്വേഷണത്തിൻെറ ആവശ്യമില്ല

തിരുവനന്തപുരം: സ്വപ്ന സുരേഷിൻറെ വെളിപ്പെടുത്തലിൽ സ്വർണക്കടത്ത് കേസിൽ പുനരന്വേഷണത്തിൻറെ ആവശ്യമില്ലെന്ന് സിപിഎം നേതാവ് ആനത്തലവട്ടം ആനന്ദൻ. എം. ശിവശങ്കറിൻറെ പുസ്തകത്തിൽ പുതുതായി പല കാര്യങ്ങളും കേന്ദ്ര അന്വേഷണ ഏജൻസികൾക്കെതിരെയും മാധ്യമങ്ങൾക്കെതിരെയും പുറത്തുവരുന്നുണ്ടെന്നും ആനത്തലവട്ടം പറഞ്ഞു.

സ്വപ്നയുടെ പ്രതികരണം വിശ്വാസത്തിലെടുക്കാനാകില്ലെന്നും ആനത്തലവട്ടം ആനന്ദൻ പ്രതികരിച്ചു. ഒരു സ്വകാര്യ ചാനലിന് നൽകിയ അഭിമുഖത്തിലാണ് അദ്ദേഹം ഇക്കാര്യങ്ങൾ വ്യക്തമാക്കിയത്.

അന്വേഷണ ഏജൻസികൾക്കും മാധ്യമങ്ങൾക്കും എതിരെ ശിവശങ്കർ പറഞ്ഞത് ശരിയാണെന്നും ഐഎഎസ് ഉദ്യോഗസ്ഥൻ പ്രതിയാക്കപ്പെട്ടതാണെന്നും ആനത്തലവട്ടം പറഞ്ഞു. അനുമതി ഇല്ലാതെ പുസ്തകമെഴുതിയത് ചട്ട ലംഘനമെങ്കിൽ അത് സർക്കാർ പരിശോധിക്കട്ടെ എന്നും ആനത്തലവട്ടം ആനന്ദൻ വാർത്താ ചാനലിനോട് പ്രതികരിച്ചു.

## ഗൂഢാലോചന കേസ് റദ്ദാക്കണം; ദിലീപ് ഹൈക്കോടതിയിലേക്ക്

കൊച്ചി: അന്വേഷണ ഉദ്യോഗസ്ഥരെ വകവരുത്താൻ ഗൂഢാലോചന നടത്തിയെന്ന കേസിൽ മുൻകൂർ ജാമ്യഹർജി ലഭിച്ചതിന് പിന്നാലെ എഫ്ഐആർ റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് വീണ്ടും ഹൈക്കോടതിയെ സമീപിക്കുമെന്ന് ദിലീപിൻറെ അഭിഭാഷകൻ അഡ്വ.കെ.രാമൻപിള്ള.

നേരത്തെ തന്നെ ഇതിനായി തയാറെടുപ്പുകൾ നടത്തിയിരുന്നു. ഗൂഢാലോചനക്കുറ്റം നിലനിൽക്കില്ലെന്ന് ഹൈക്കോടതിക്ക് ബോധ്യമായ സാഹചര്യത്തിൽ ഉടൻ തന്നെ ഹർജി സമർപ്പിക്കാനാണ് പ്രതിഭാഗത്തിൻറെ നീക്കം.



നടിയെ ആക്രമിച്ച കേസിൽ തെളിവില്ലെന്ന് ബോധ്യമായപ്പോൾ പോലീസ് കെട്ടിച്ചമച്ച കേസാണിത്. പോലീസ് സംവിധാനം പൂർണമായും ഉപയോഗിച്ചാണ് ദിലീപിനെ പ്രതിയാക്കാൻ നീക്കം നടത്തിയത്. ദിലീപിനെതിരേ ചുമത്തിയ കേസുകളൊന്നും പ്രഥമദൃഷ്ട്യ നിലനിൽക്കില്ലെന്നാണ് കോടതി കണ്ടെത്തിയതെന്നും അദ്ദേഹം പറഞ്ഞു.


ഓർഡിനൻസ് റദ്ദാക്കാനുള്ള നിയമപരമായ സാധ്യത പ്രതിപക്ഷം തേടും. നിയമസഭ പാസാക്കിയ നിയമം ഭരണഘടനാ വിരുദ്ധമാണെന്ന് പറയാൻ സർക്കാരിന് അധികാരമില്ല. മുഖ്യമന്ത്രിയുടെ കേസ് പരിഗണനയ്ക്ക് വന്നപ്പോഴാണ് ലോകായുക്ത ഭരണഘടനാ വിരുദ്ധമാണെന്ന് സർക്കാരിന് തോന്നിയതെന്നും വി.ഡി.സതീശൻ പറഞ്ഞു.

### ഇനി എന്തിനാണ് ലോകായുക്ത, പിരിച്ചുവിടണമെന്ന് ചെന്നിത്തല

തിരുവനന്തപുരം: ലോകായുക്താ ഓർഡിനൻസിൽ ഗവർണർ ഒപ്പുവച്ചത് അഴിമതിക്കെതിരായ പോരാട്ടത്തിൻറെ അന്ത്യകൂദാശയാണെന്ന് രമേശ് ചെന്നിത്തല എംഎൽഎ. വിഷയത്തിൽ മാധ്യമപ്രവർത്തകരോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. ലോകായുക്ത ഓർഡിനൻസ് അധാർമികവും അധികാരദുർവിനയോഗവുമാണ്. ഗവർണർസർക്കാർ കൂട്ടുകച്ചവടമാണ് നടന്നതെന്നും പേഴ്സണൽ സ്റ്റാഫിൻറെ നിയമനത്തിനായി മുൻപ് പറഞ്ഞതെല്ലാം ഗവർണർ വിഴുങ്ങിയെന്നും അദ്ദേഹം ആരോപിച്ചു. ലോകായുക്തയുടെ പല്ല് മുഴുവനായി പിണറായി വിജയൻ പിഴുതെടുത്തു.

# സംസ്ഥാനത്ത് 22,524 പേർക്ക് കൂടി കോവിഡ്

തിരുവനന്തപുരം: കേരളത്തിൽ 22,524 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു. തിരുവനന്തപുരം 3493, എറണാകുളം 3490, കോട്ടയം 2786, കൊല്ലം 2469, തൃശൂർ 1780, കോഴിക്കോട് 1612, മലപ്പുറം 1218, ആലപ്പുഴ 1109, പത്തനംതിട്ട 1053, കണ്ണൂർ 1031, പാലക്കാട് 816, ഇടുക്കി 737, വയനാട് 617, കാസർഗോഡ് 313 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്.



കഴിഞ്ഞ 24 മണിക്കൂറിനിടെ 78,682 സാമ്പിളുകളാണ് പരിശോധിച്ചത്. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 4,74,949 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 4,65,565 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറൻറൈനിലും 9384 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 847 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. നിലവിൽ 3,01,424 കോവിഡ് കേസുകളിൽ, 3.2 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 14 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് സ്ഥിരീകരിച്ചത്. ഇതുകൂടാതെ മുൻ ദിവസങ്ങളിൽ മരണപ്പെടുകയും എന്നാൽ രേഖകൾ വൈകി ലഭിച്ചത് കൊണ്ടുള്ള 113 മരണങ്ങളും സുപ്രീം കോടതി വിധിപ്രകാരം കേന്ദ്രസർക്കാരിന്റെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 733 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 59,115 ആയി.

ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 114 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 21,033 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 1207 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 170 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 49,586 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 4739, കൊല്ലം 4365, പത്തനംതിട്ട 1950, ആലപ്പുഴ 2802, കോട്ടയം 4400, ഇടുക്കി 2486, എറണാകുളം 8943, തൃശൂർ 7038, പാലക്കാട് 3387, മലപ്പുറം 2185, കോഴിക്കോട് 3970, വയനാട് 1296, കണ്ണൂർ 1572, കാസർഗോഡ് 453 എന്നിങ്ങനേയാണ് രോഗമുക്തിയായത്.

ഇതോടെ 3,01,424 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 59,32,609 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

# ജനകീയ ഹോട്ടലുകൾ കൂടുതൽ മെച്ചമാകും: മന്ത്രി കെ.എൻ. ബാലഗോപാൽ

സംസ്ഥാനത്തെ ജനകീയ ഹോട്ടലുകൾ കൂടുതൽ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുമെന്ന് ധനകാര്യ വകുപ്പ് മന്ത്രി കെ. എൻ. ബാലഗോപാൽ. ജില്ലയിലെ ജനകീയ ഭക്ഷണശാലകളുടെ പ്രവർത്തനം വിലയിരുത്താൻ നേരിട്ട് സന്ദർശനം നടത്തിയ ശേഷമാണ് മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്.

കോവിഡിന്റെ പശ്ചാത്തലത്തിൽ സാമ്പത്തിക പരാധീനത പിടിമുറുക്കിയിട്ടുണ്ട്. കരകയറാനുള്ള മാർഗങ്ങൾ കണ്ടെത്തി മുന്നോട്ട് പോകുകയാണ് ഇപ്പോൾ. തൊഴിലും വരുമാനവും നിലനിർത്തുന്നതിന് ഉതകുന്ന പദ്ധതികളും പ്രവർത്തനങ്ങളും വിപുലീകരിക്കുകയുമാണ്. അവയിൽ സുപ്രധാനമാണ് ജനകീയ ഹോട്ടലുകൾ. ആരും പട്ടിണി കിടക്കരുത് എന്ന സർക്കാരിന്റെ ദൃഢനിശ്ചയമാണ് ഇതിന് വഴിയൊരുക്കിയത്.കുറഞ്ഞ ചിലവിൽ നിലവാരമുറപ്പാക്കിയുള്ള ആഹാരമാണ് ജനകീയ ഭക്ഷണശാലകളുടെ മുഖ്യ സവിശേഷത.

കുടുംബശ്രീ ഉൾപ്പടെ മുൻകൈയെടുത്താണ് ഇത്തരം സംരംഭങ്ങൾ നാട്ടിലാകെ നടത്തുന്നത്. ഒരേ സമയം വരുമാനവും തൊഴിലും ഉറപ്പാക്കുന്നതിനൊപ്പം സാധാരണക്കാർക്ക് ഏറെ പ്രയോജനകരവുമാണ് ഇവ.ഈ പശ്ചാത്തലത്തിലാണ് പ്രവർത്തനം സുഗമമാക്കുന്നതിന് 30 കോടി രൂപ അടുത്തിടെ അനുവദിച്ചത്.

കോവിഡിന്റെ ഭീഷണി നിലനിൽക്കെ പാവപ്പെട്ടവർക്ക് അന്നം മുട്ടാതെ നൽകുന്ന സംരംഭം എന്ന നിലയ്ക്ക് ആവശ്യമായ പിന്തുണ തുടർന്നും സർക്കാർ ഉറപ്പാക്കും. മികച്ച നിലയിലാണ് ഹോട്ടലുകളുടെ പ്രവർത്തനമെന്ന് അദ്ദേഹം വിലയിരുത്തി.

തദ്ദേശ സ്വയംഭരണ സ്ഥാപനഭാരവാഹികളും ഉദ്യോഗസ്ഥരും മന്ത്രിക്കൊപ്പം മൈലം പഞ്ചായത്തിലെ സന്ദർശനത്തിൽ പങ്കെടുത്തു.

## ലഹരിയുടെ ദൂഷ്യ വശങ്ങൾ : ഹ്രസ്വചിത്ര മത്സരം

സംസ്ഥാന എക്സൈസ് വകുപ്പ് വിമുക്തി മിഷൻ , സ്കൂൾ/ കോളേജ് വിദ്യാർത്ഥികൾക്കായി ഹ്രസ്വചിത്ര മത്സരം സംഘടിപ്പിക്കുന്നു. വിദ്യാർഥികൾ തയ്യാറാക്കുന്ന ചിത്രത്തിൽ ലഹരി വിരുദ്ധ ആശയം ഉൾക്കൊള്ളുന്ന സന്ദേശം ഉണ്ടായിരിക്കണം. ദൈർഘ്യം നാല് മുതൽ എട്ട് മിനിറ്റ് വരെ. മൊബൈൽ ഫോണിലേത് ഉൾപ്പെടെ ഏതുതരം ക്യാമറയും ചിത്രീകരണത്തിന് ഉപയോഗിക്കാം. പൂർണമായ മേൽവിലാസം, ഇമെയിൽ, ഫോൺ നമ്പർ, പഠിക്കുന്ന സ്കൂൾ/ കോളേജ് ക്ലാസ് എന്നിവ രേഖപ്പെടുത്തി സ്ഥാപന അധികാരി സാക്ഷ്യപ്പെടുത്തി ശൗസവേശലഃരശലെ@ഴാമശഹ.രീ വിലാസത്തിൽ ചിത്രങ്ങൾ അയക്കാം.അവസാന തീയതി ഫെബ്രുവരി 15.

ഒന്നാം സമ്മാനം 25000 രൂപയും ട്രോഫിയും പ്രശസ്തി പത്രവും. 15000, 10000 രൂപ വീതം യഥാക്രമം രണ്ടും മൂന്നും സ്ഥാനക്കാർക്ക് ലഭിക്കും. മികച്ച തിരക്കഥ, സംവിധായകൻ എന്നീ വിഭാഗങ്ങളിൽ 10,000 രൂപ വീതം സമ്മാനമുണ്ട്. മികച്ച ചിത്രങ്ങൾ വിമുക്തി മിഷൻ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കും.

## വിമുക്തി ജില്ലാ മിഷൻ കോർഡിനേറ്റർ ഒഴിവ്

സംസ്ഥാന എക്സൈസ് വകുപ്പ്വിമുക്തി ജില്ലാ മിഷൻ കോർഡിനേറ്റർ തസ്തികയിലേക്ക് കരാർ നിയമനത്തിന് അപേക്ഷിക്കാം. ഒരു ഒഴിവ്.യോഗ്യത സോഷ്യൽവർക്ക്, സൈക്കോളജി, സോഷ്യോളജി, വിമൻ സ്റ്റഡീസ്, ജെൻഡർ സ്റ്റഡീസ്, എന്നിവയിൽ ഏതെങ്കിലും ഒന്നിൽ അംഗീകൃത സർവകലാശാല ബിരുദാനന്തര ബിരുദം, ലഹരി വിരുദ്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ /അർദ്ധ സർക്കാർ സ്ഥാപനങ്ങൾ / മിഷനുകൾ/ പ്രോജക്റ്റുകൾ എന്നിവിടങ്ങളിൽ കുറഞ്ഞത് ഒരു വർഷത്തെ പ്രവൃത്തി പരിചയം അഭികാമ്യം. പ്രായപരിധി 23 നും 60 നും ഇടയിൽ. പ്രതിമാസ വേതനം 50000 രൂപ. ബയോഡേറ്റ, മൊബൈൽ നമ്പർ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് എന്നിവ സഹിതം ഫെബ്രുവരി 15ന് വൈകിട്ട് 5 മണിക്കകം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ കാര്യാലയം, എക്സൈസ് ഡിവിഷൻ ഓഫീസ്, ചിന്നക്കട, കൊല്ലം 691001 വിലാസത്തിൽ അപേക്ഷ നൽകണം. ഫോൺ 0474 2745648.

## കമ്പൈൻഡ് ഹയർസെക്കൻഡറി ലെവൽപരീക്ഷ

സ്റ്റാഫ് സെലക്ഷൻ കമ്മിഷൻ നടത്തുന്ന കമ്പൈൻഡ് ഹയർ സെക്കൻഡറി ലെവൽ പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിച്ചു. കേന്ദ്ര സർക്കാരിലെ ലോവർ ഡിവിഷൻ ക്ലാർക്ക്, ജൂനിയർ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ്, പോസ്റ്റൽ അസിസ്റ്റന്റ്, സോർട്ടിങ് അസിസ്റ്റന്റ്, ഡാറ്റ എൻട്രി ഓപ്പറേറ്റർ തുടങ്ങിയ വിവിധ തസ്തികകളിലേക്കുള്ള നിയമനത്തിനാണ് പരീക്ഷ. പ്രായപരിധി 2022 ജനുവരി ഒന്നിന് 18നും 27നും മധ്യേ. നിയമാനുസൃതമുള്ള വയസിളവും ലഭിക്കും. യോഗ്യതാമാനദണ്ഡങ്ങൾ ഉൾപ്പെടെയുള്ള പൂർണ വിജ്ഞാപനം ഠഠഠ.ൈരെസ്യ.സമ്യ.ിശര.ശി, വേേു://ൈ.ിശര.ശി എന്നീ വെബ്സൈറ്റുകളിൽ ലഭിക്കും. ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് ഏഴിനു രാത്രി 11.00 മണി.

## സീറ്റൊഴിവ്

ഐ .എച് .ആർ.ഡി യുടെ പരിധിയിലുള്ള കരുനാഗപ്പള്ളി മോഡൽ പോളിടെക്നിക്കിൽ എൻ യു എൽ എം പ്രോജക്റ്റിന്റെ ഭാഗമായി മൂന്നു മാസം ദൈർഘ്യമുള്ള ഇലക്ട്രീഷ്യൻ ഡൊമസ്റ്റിക് സൊലൂഷൻ ( എൻ .എസ് .ക്യൂ .എഫ് ലെവൽ മൂന്ന് ) സൗജന്യ തൊഴിലധിഷ്ഠിത കോഴ്സിൽ സീറ്റ് ഒഴിവുണ്ട്. പ്രായപരിധി 35 വയസ്. യോഗ്യതയുള്ള ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനം ഉള്ളവർക്ക് അപേക്ഷിക്കാം. ഫോൺ 7356783158, 8089944205

## വാക്ക് ഇൻ ഇന്റർവ്യൂ

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ കേരള മഹിള സമഖ്യ സൊസൈറ്റിയുടെ കീഴിൽ ഇടുക്കി ജില്ലയിൽ പ്രവർത്തിക്കുന്ന മഹിള ശിക്ഷൺ കേന്ദ്രത്തിലേക്ക് റസിഡൻഷ്യൽ ടീച്ചർ, അഡീഷണൽ ടീച്ചർ എന്നീ തസ്തികകളിലേയ്ക്ക് നിർദ്ദിഷ്ട യോഗ്യതയുള്ള സ്ത്രീ ഉദ്യോഗാർത്ഥികൾക്കായി വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. രണ്ട് തസ്തികകളും റസിഡൻഷ്യൽ തസ്തികകളാണ്.

ഫുൾ ടൈം റസിഡൻഷ്യൽ ടീച്ചറുടെ ഒരു ഒഴിവാണുള്ളത്. വിദ്യാഭ്യാസ യോഗ്യത ബിരുദവും ബി.എഡും. പ്രായം 23 വയസ്സ് പൂർത്തിയാകണം. ഹോണറേറിയം പ്രതിമാസം 11,000 രൂപ.

അഡീഷണൽ ടീച്ചർ തസ്തികയിലും ഒരു ഒഴിവുണ്ട്. വിദ്യാഭ്യാസ യോഗ്യത ബിരുദം, പ്രായം 23 വയസ്സ് പൂർത്തിയാകണം. ഹോണറേറിയം പ്രതിമാസം 9,000 രൂപ. അപേക്ഷകർ വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, പ്രായം, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ഒറിജിനൽ സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം ഫെബ്രുവരി 16ന് രാവിലെ 11ന് അടിമാലി പഞ്ചായത്ത് ഹാളിൽ നടത്തുന്ന ഇന്റെർവ്യൂവിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, കേരള മഹിള സമഖ്യ സൊസൈറ്റി, റ്റി.സി. 20/1652, കല്പന, കുഞ്ചാലുംമൂട്, കരമന പി.ഒ, തിരുവനന്തപുരം, ഫോൺ: 04712348666

# കോവിഡ് ബാധിതർ കരുതലോടെ ഏഴ് ദിവസം ഗൃഹ പരിചരണത്തിൽ കഴിയണം: മന്ത്രി വീണാ ജോർജ്

കോവിഡിനെ ഭയക്കേണ്ടതില്ല എങ്കിലും കോവിഡ് ബാധിച്ചവർ കരുതലോടെ ഏഴു ദിവസം ഗൃഹപരിചരണത്തിൽ കഴിയണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കടുത്ത രോഗലക്ഷണങ്ങളോ മൂന്ന് ദിവസത്തിൽ കൂടുതലുള്ള പനിയോ ഉണ്ടെങ്കിൽ ഡോക്ടറുടെ സേവനം തേടണം. ഗൃഹ പരിചരണത്തിൽ കഴിയുന്ന കോവിഡ് രോഗികൾക്കായി സംഘടിപ്പിച്ച പ്രത്യേക പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

ഒമിക്രോണിനെ നിസാരമായി കാണരുത്. വ്യാപനശേഷി വലുതാണ്. ഒമിക്രോൺ ബാധിച്ചവരിൽ 3 ശതമാനം പേർക്ക് മാത്രമാണ് ആശുപത്രി സേവനം ആവശ്യമായുള്ളത്. 97 ശതമാനം പേരും ഗൃഹ പരിചരണത്തിലാണുള്ളത്. ഇതു മുന്നിൽ കണ്ടാണ് ഇത്തരമൊരു പരിപാടി സംഘടിപ്പിച്ചതെന്നും മന്ത്രി പറഞ്ഞു.

ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി രാജൻ എൻ. ഖോബ്രഗഡെ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. വി.ആർ. രാജു, കില എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ജോയ് ഇളമൺ, കെ.എസ്.ഐ.എച്ച്.എഫ്. ഡബ്ല്യു പ്രിൻസിപ്പൽ പ്രസന്ന കുമാരി എന്നിവർ സംസാരിച്ചു.

ഗൃഹപരിചരണം, പിന്തുണാ സഹായ സംവിധാനങ്ങൾ എന്നീ വിഷയങ്ങളിൽ ഡോ. ജിതേഷ്, ഡോ. അമർ ഫെറ്റിൽ എന്നിവർ സംസാരിച്ചു. ഡോ. കെ.ജെ. റീന, ഡോ. സ്വപ്നകുമാരി, ഡോ. ബിനോയ് എസ് ചന്ദ്രൻ, ഡോ. ടി. സുമേഷ്, ഡോ. വിനീത, ഡോ. കെ.എസ്. പ്രവീൺ, പി.കെ. രാജു, ഡോ. വി.എസ്. ദിവ്യ എന്നിവർ സംശയ നിവാരണം നടത്തി.

## സുഖ്ബിർ സിങ് ബാദലിനെതിരെ കേസ്

ചണ്ഡീഗഢ്: തെരഞ്ഞെടുപ്പ് ചട്ടം ലംഘിച്ചതിന് ശിരോമണി അകാലിദൾ (എസ്എഡി)അധ്യക്ഷൻ സുഖ്ബിർ സിങ് ബാദലിനെതിരെ ഫരീദ്കോട്ട് പൊലീസ് കേസെടുത്തു. ഫരീദ്കോട്ടിലെ പാർട്ടി സ്ഥാനാർത്ഥി പരബംസ് സിങ് റൊമാനയ്ക്കെതിരെയും കേസെടുത്തിട്ടുണ്ട്.

നിയന്ത്രണങ്ങൾ നിലനിൽക്കെ തെരഞ്ഞെടുപ്പ് റാലിയിൽ 6000 പേരെ പങ്കെടുപ്പിച്ചുവെന്ന റിട്ടേണിങ് ഓഫീസറുടെ റിപ്പോർട്ടിന്മേലാണ് നടപടി. ആം ആദ്മി പാർട്ടിയാണ് എസ്എഡിക്കെതിരെ പരാതി നൽകിയത്. തെരഞ്ഞെടുപ്പ് റാലിയുടെ ദൃശ്യങ്ങളും പരാതിക്കൊപ്പം കൈമാറിയിരുന്നു.

## ഓൺലൈൻ നെറ്റ് പരിശീലനം

കോളേജ് ഓഫ് അപ്ലൈഡ് സയൻസ് വടക്കാഞ്ചേരിയിൽ കൊമേഴ്സ് വിഷയത്തിൽ ഓൺലൈൻ നെറ്റ് പരിശീലനം. അഡ്മിഷൻ എടുക്കേണ്ട അവസാനതീയതി ഫെബ്രുവരി 16. വിശദവിവരങ്ങൾക്ക് 9495069307, 8547605042, 8547233700

# സൗര പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രോജക്റ്റ് മാനേജ്മെന്റ് പോർട്ടൽ മന്ത്രി കെ. കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്തു

കെ.എസ്.ഇ.ബി.യുടെ സൗര പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ഉപഭോക്താക്കൾക്ക് പ്രവൃത്തികളുടെ പുരോഗതി ഓൺലൈനായി ട്രാക്ക് ചെയ്യാൻ സൗകര്യമൊരുക്കുന്ന പ്രൊജക്ട് മാനേജ്മെന്റ് പോർട്ടൽ ലസശ്യമി.സലെയ.ശി വൈദ്യുതി മന്ത്രി കെ. കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്തു.

തദ്ദേശ സ്ഥാപനങ്ങളുടെ ജനപ്രതിനിധികൾ, തെരഞ്ഞെടുത്ത ഡവലപ്പർമാർ എന്നിവരെ അണിനിരത്തി '100 ദിവസത്തിനുള്ളിൽ 100 മെഗാവാട്ട്' എന്ന ലക്ഷ്യത്തോടെ പുരപ്പുറ സോളാർ പ്ലാന്റ് നിർമാണം നടന്നു വരുന്നു. 35,000 ഉപഭോക്താക്കൾക്ക് പദ്ധതിയുടെ സബ്സിഡിയിൽ നിന്നുള്ള ഗുണം ലഭിക്കുമെന്നും മന്ത്രി പറഞ്ഞു.

വൈകുന്നേരങ്ങളിൽ അധിക വൈദ്യുതി ആവശ്യകത നിർവഹിക്കുന്നതിന് കഴിഞ്ഞ സർക്കാറിന്റെ കാലത്ത് പഠന വിധേയമായ ഇടുക്കി രണ്ടാംഘട്ടം 800 മെഗാവാട്ട് വൈദ്യുതി പദ്ധതിയുടെ നിർമ്മാണം 2023ൽ ആരംഭിക്കാൻ ലക്ഷ്യമിടുന്നതായും മൂഴിയാറിൽ 200 മെഗാവാട്ടിന്റെ രണ്ടാംഘട്ട പദ്ധതിയുടെ പഠനങ്ങൾ നടന്നു വരുന്നതായും വൈദ്യുതി മന്ത്രി പറഞ്ഞു. കെ.എസ്.ഇ.ബി.എൽ. ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. ബി. അശോക് അധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർമാരായ ആർ. സുകു, അഡ്വ. വി. മുരുഗദാസ്, വി.ആർ. ഹരി, മിനി ജോർജ്ജ്, രാജ് കുമാർ. എസ്, രാധാകൃഷ്ണൻ. ജി, രാജൻ ജോസഫ് എന്നിവർ പങ്കെടുത്തു.

## കാസർഗോഡ് ആറുമാസത്തിനകം അത്യാധുനിക ഇന്റഗ്രേറ്റഡ് പബ്ലിക് ഹെൽത്ത് ലാബ്

* 2026ഓടെ എല്ലാ ജില്ലകളിലും ഇന്റഗ്രേറ്റഡ് പബ്ലിക് ഹെൽത്ത് ലാബുകൾ

കാസർഗോഡ് അത്യാധുനിക സംവിധാനത്തോടു കൂടിയുള്ള ഇന്റഗ്രേറ്റഡ് പബ്ലിക് ലാബ് ആറു മാസത്തിനകം സജ്ജമാകുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സംസ്ഥാന സർക്കാർ പ്രത്യേക താത്പര്യമെടുത്ത് കാസർഗോഡ് 1.25 കോടി മുടക്കി ലാബിനാവശ്യമായ രണ്ട് നില കെട്ടിടം നിർമ്മിച്ചിരുന്നു. ഈ ലാബ് ഇന്റഗ്രേറ്റഡ് പബ്ലിക് ലാബ് ആയി ഉയർത്തുന്നതിന് കേന്ദ്ര സർക്കാർ 1.25 കോടി രൂപ അനുവദിച്ചു. ഈ തുക ഉപയോഗിച്ച് ലാബിനാവശ്യമായ ഫർണിച്ചറുകളും പരിശോധനാ സാമഗ്രികളും സജ്ജമാക്കും. ലബോറട്ടറി സൗകര്യം കുറഞ്ഞ കാസർഗോഡ് പുതിയ പബ്ലിക് ഹെൽത്ത് ലാബ് വരുന്നതോടെ ജനങ്ങൾക്ക് ഏറെ സഹായകരമാകുമെന്നും മന്ത്രി വ്യക്തമാക്കി.

2026 ഓടെ എല്ലാ ജില്ലകളിലും ഇന്റഗ്രേറ്റഡ് പബ്ലിക് ലാബ് സജ്ജമാക്കാനുള്ള ശ്രമത്തിലാണ്. നിലവിലെ പബ്ലിക് ഹെൽത്ത് ലാബുകൾ അത്യാധുനിക സൗകര്യങ്ങളോടെ നവീകരിക്കും. പബ്ലിക് ഹെൽത്ത് ലാബില്ലാത്ത ജില്ലകളിൽ പുതുതായി ലാബുകൾ സ്ഥാപിക്കും. പകർച്ച വ്യാധികൾ, പകർച്ചേതരവ്യാധികൾ, ഹോർമോൺ പരിശോധന, കോവിഡ് പരിശോധന തുടങ്ങിയവയെല്ലാം ഈ ലാബിൽ ചെയ്യാൻ സാധിക്കും. പത്തോളജി, മൈക്രോബയോളജി, വൈറോളജി പരിശോധനകളും സാധ്യമാകും.

ഒ.പി., ഐ.പി. വേർതിരിവില്ലാതെ ഡോക്ടറുടെ കുറിപ്പടിയോടെ ഏതൊരാൾക്കും പബ്ലിക് ഹെൽത്ത് ലാബിൽ നിന്നു സേവനം ലഭിക്കും. ബി.പി.എൽ. വിഭാഗക്കാർക്ക് എല്ലാ പരിശോധനകളും സൗജന്യമാണ്. എ.പി.എൽ. വിഭാഗക്കാർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള നിശ്ചിത ഫീസ് മാത്രമേ ഈടാക്കൂ.

## മിഷൻ ഇന്ദ്രധനുഷ് 4.0 തീവ്ര യജ്ഞത്തിന് ഡോ. മൻസുഖ് മാണ്ഡവ്യ തുടക്കം കുറിച്ചു

ന്യൂ ഡൽഹി : മിഷൻ ഇന്ദ്രധനുഷ് 4.0 തീവ്ര യജ്ഞത്തിന് (കങ്കക 4.0) ഡോ. മൻസുഖ് മാണ്ഡവ്യ തുടക്കം കുറിച്ചു. സംസ്ഥാന കേന്ദ്രഭരണ പ്രദേശങ്ങളിലെ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ വിർചലായി സംഘടിപ്പിച്ച ചടങ്ങിലാണ് മിഷൻ ഇന്ദ്രധനുഷ് 4.0 തീവ്ര യജ്ഞത്തിന് തുടക്കമായത്.

മിഷൻ ഇന്ദ്രധനുഷ് 4.0 തീവ്ര യജ്ഞത്തിന് മൂന്ന് ഘട്ടങ്ങളുണ്ടാകും. രാജ്യത്തെ 33 സംസ്ഥാന കേന്ദ്രഭരണ പ്രദേശങ്ങളിലായി 416 ജില്ലകളിൽ (ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി തെരെഞ്ഞെടുക്കപ്പെട്ട 75 ജില്ലകൾ ഉൾപ്പെടെ) ദൗത്യം നടപ്പാക്കും. ആദ്യ ഘട്ടത്തിൽ (ഫെബ്രുവരിഏപ്രിൽ 2022), 11 സംസ്ഥാനങ്ങൾ കങ്കക 4.0 സംഘടിപ്പിക്കും. ബാക്കിയുള്ള 22 സംസ്ഥാന കേന്ദ്രഭരണ പ്രദേശങ്ങൾ 2022 ഏപ്രിൽ മുതൽ മെയ് വരെയുള്ള ഘട്ടങ്ങളിൽ 4.0 നടപ്പാക്കും.

ആഗോളതലത്തിൽ തന്നെ ഏറ്റവും വലിയ സാർവത്രിക പ്രതിരോധ കുത്തിവയ്പ്പ് യജ്ഞമാണ് ഇന്ത്യ നടപ്പാക്കുന്നതെന്ന് ചടങ്ങിൽ പങ്കെടുത്ത കേന്ദ്ര ആരോഗ്യമന്ത്രി പറഞ്ഞു.

ഡകജ വഴി പ്രതിവർഷം 3 കോടിയിലധികം ഗർഭിണികൾക്കും 2.6 കോടിയിലധികം കുട്ടികൾക്കും രാജ്യം വാക്സിൻ പരിരക്ഷ ഉറപ്പാക്കുന്നു. കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്ന കങ്കക 4.0 സാർവത്രിക പ്രതിരോധ കുത്തിവയ്പ്പ് യജ്ഞം ഈ മേഖലയിൽ ശാശ്വത നേട്ടങ്ങൾ ഉറപ്പാക്കുന്നതിന് വളരെയധികം സംഭാവനകൾ നൽകുമെന്ന് ഡോ. മാണ്ഡവ്യ അഭിപ്രായപ്പെട്ടു.

പ്രചാരണത്തിന്റെ ഭാഗമായി തയ്യാറാക്കിയ കൈപ്പുസ്തകവും ബോധവൽക്കരണ സാമഗ്രി/കളഇ യും, 'കങ്കക 4.0 യ്ക്കുള്ള പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളും' മന്ത്രി പുറത്തിറക്കി.

രാജ്യത്താകമാനം 701 ജില്ലകളിൽ ഇന്ദ്രധനുഷ് ദൗത്യത്തിന്റെ പത്ത് ഘട്ടങ്ങൾ ഇതുവരെ പൂർത്തിയായി. 2021 ഏപ്രിൽ വരെ, ആകെ 3.86 കോടി കുട്ടികൾക്കും 96.8 ലക്ഷം ഗർഭിണികൾക്കും പ്രതിരോധ കുത്തിവയ്പ്പ് നൽകിയിട്ടുണ്ട്.

## രാജ്യദ്രോഹക്കുറ്റം ചുമത്തി അറസ്റ്റുചെയ്ത കശ്മീരി മാധ്യമപ്രവർത്തകനെ വിട്ടയക്കണം: സിപിജെ

വാഷിങ്ടൺ: കശ്മീരിൽ പൊലിസ് അറസ്റ്റ് ചെയ്ത മാധ്യമപ്രവർത്തകൻ ഫഹദ് ഷായെ ഉടൻ വിട്ടയക്കണമെന്ന് വാഷിങ്ടൺ ആസ്ഥാനമായുള്ള അന്താരാഷ്ട്ര മാധ്യമ നിരീക്ഷണ സംഘടനയായ കമ്മിറ്റി ടു പ്രൊട്ടക്ട്സ് ജേർണലിസ്റ്റ് (സിപിജെ). മാധ്യമപ്രവർത്തകരെ തടങ്കലിൽ അടയ്ക്കുന്ന നടപടികൾ അവസാനിപ്പിക്കണം. സ്വതന്ത്രമായും സുരക്ഷിതമായും റിപോർട്ട് ചെയ്യാനുള്ള മാധ്യമ പ്രവർത്തകരുടെ മൗലികാവകാശത്തോടുള്ള ജമ്മു കശ്മീർ അധികൃതരുടെ തികഞ്ഞ അവഗണനയാണ് ഫഹദ് ഷായുടെ അറസ്റ്റ് കാണിക്കുന്നതെന്ന് സിപിജെയുടെ ഏഷ്യാ പ്രോഗ്രാം കോഓഡിനേറ്റർ സ്റ്റീവൻ ബട്ട്ലർ പറഞ്ഞു.

## ക്ഷേമനിധി വിഹിതം അടക്കാം

കേരള മദ്രസ അധ്യാപക ക്ഷേമനിധിയിൽ 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെയുള്ള ക്ഷേമനിധി വിഹിതം മാർച്ച് 10 നകം പോസ്റ്റ് ഓഫീസുകൾ വഴി അടയ്ക്കാമെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു വിശദവിവരങ്ങൾക്ക് 0495 2966577




സൗര പുരപ്പുറ സൗരോർജ പദ്ധതി പ്രൊജക്ട് മാനേജ്മെന്റ് പോർട്ടലിന്റെ പ്രവർത്തനോദ്ഘാടനം വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി ഓൺലൈനായി നിർവഹിക്കുന്നു

## സ്കൂൾ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു

പട്ടികജാതി പട്ടികവർഗ്ഗ റസിഡൻഷ്യൽ എഡ്യൂക്കേഷൻ സൊസൈറ്റിയുടെ പരിധിയിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 202223 അദ്ധ്യയന വർഷത്തിലേക്കുള്ള അഞ്ചാം ക്ലാസ്സ് പ്രവേശനത്തിനും പട്ടികവർഗ്ഗക്കാർക്ക് മാത്രമുള്ള പൂക്കോട് (വയനാട് ജില്ല) പൈനാവ് (ഇടുക്കി ജില്ല) ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ആറാം ക്ലാസിലേക്കുള്ള പ്രവേശനത്തിനും പുനലൂർ പട്ടികവർഗ്ഗ വികസന ഓഫീസിൽ അപേക്ഷ ക്ഷണിച്ചു. നിലവിൽ നാലാം ക്ലാസ്സിൽ പഠിക്കുന്നതും 10 വയസ്സ് കഴിയാത്തവരും കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തവരുമായ കുട്ടികൾക്ക് രക്ഷിതാക്കൾ മുഖേന അപേക്ഷ നൽകാം.കൂടുതൽ വിവരങ്ങൾക്ക് : 0475 2222353

# സർക്കാരും ഗവർണറും ഒത്തുതീർപ്പായി; അഴിമതി വിരുദ്ധ സംവിധാനം ഇല്ലാതായി: സതീശൻ

തിരുവനന്തപുരം: സംസ്ഥാനത്ത് അഴിമതി വിരുദ്ധ സംവിധാനം ഇല്ലാതായെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ. സർക്കാരുമായി ഒത്തുതീർപ്പായതിൻറെ ഫലമായാണ് ലോകായുക്ത ഓർഡിനൻസിൽ ഗവർണർ ഒപ്പുവച്ചതെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

സർക്കാരിൻറെ അഴിമതി വിരുദ്ധ നിലപാടുകൾക്ക് ഗവർണർ കുടപിടിക്കുകയാണ് ചെയ്തത്. ഗവർണറുടെ പേഴ്സണൽ സ്റ്റാഫിൽ സംസ്ഥാനത്തെ ബിജെപി നേതാവിനെ ഉൾപ്പെടുത്താനുള്ള ഫയൽ മുഖ്യമന്ത്രിയുടെ മേശപ്പുറത്തിരിക്കുകയാണ്. ഇതെല്ലാമാണ് ഒത്തുതീർപ്പിന് കാരണമെന്നും അദ്ദേഹം ആരോപിച്ചു.

അഴിമതിക്ക് വെള്ളവും വളവും നൽകിയ മുഖ്യമന്ത്രിയെന്ന് പേര് ഇനി പിണറായി വിജയന് സ്വന്തമാണ്. സംസ്ഥാനത്ത് വ്യാപകമായി അഴിമതി നടത്തുന്നതിന് വേണ്ടിയാണ് ലോകായുക്ത ഓർഡിനൻസ് ഇറക്കിയത്. ലോകായുക്ത പരിഗണിക്കുന്ന മുഖ്യമന്ത്രിക്കെതിരായ പരാതിയെക്കുറിച്ച് അദ്ദേഹം ഇനി ഭയപ്പെടേണ്ട ആവശ്യമില്ല. ലോകായുക്ത കുരയ്ക്കുകയേ ഉള്ളൂ കടിക്കില്ലെന്ന് മുഖ്യമന്ത്രി ഉറപ്പാക്കിയെന്നും അദ്ദേഹം പറഞ്ഞു.

## അപേക്ഷ ക്ഷണിച്ചു

സർക്കാർ/സ്വാശ്രയ സ്ഥാപനങ്ങളിലെ 202122 വർഷത്തെ പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഫാർമസി, ഹെൽത്ത് ഇൻസ്പെക്ടർ ആൻഡ് പാരാമെഡിക്കൽ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. എൽ.ബി.എസ് സെന്ററിന്റെ ം.ഹയരെലട്യെല.സല്യമഹമ.ഴീ.ശി എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി ഫെബ്രുവരി 9 മുതൽ 25 വരെ അപേക്ഷിക്കാം. അപേക്ഷകർ ഓൺലൈൻ മുഖേനയോ അല്ലെങ്കിൽ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത ചെല്ലാൻ ഉപയോഗിച്ച് ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ഒരു ശാഖ വഴിയോ ഫീസ് ഒടുക്കണം. അപേക്ഷാഫീസ് പൊതുവിഭാഗത്തിന് 400 രൂപയും പട്ടികജാതി/പട്ടികവർഗ വിഭാഗത്തിന് 200 രൂപയും. ഓൺലൈൻ ആപ്ലിക്കേഷൻ ഫെബ്രുവരി 25ന് മുൻപ് ഫൈനൽ കൺഫർമേഷൻ ചെയ്തിരിക്കണം. സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ്സും വിജ്ഞാപനവും എൽ.ബി.എസ്സ് സെന്റർ ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക്: 0471 2560363, 364.

## സ്പെഷ്യൽ അലോട്ട്മെന്റ്

പോസ്റ്റ് ബേസിക് ബി.എസ്സി നഴ്സിംഗ് ഡിഗ്രി കോഴ്സിന് 202122 വർഷത്തെ ഒഴിവുള്ള സീറ്റുകളിലേക്കുള്ള പ്രവേശനത്തിന് ഓൺലൈൻ രജിസ്ട്രേഷനും അലോട്ട്മെന്റും നടത്തും. പങ്കെടുക്കുവാൻ താത്പര്യമുള്ള റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അപേക്ഷകർ ഓൺലൈനായി രജിസ്റ്റർ ചെയ്യുകയും വെബ്സൈറ്റിലൂടെ ഫെബ്രുവരി 8, 9 തീയതികളിൽ സമർപ്പിക്കുകയും ചെയ്യണം. പ്രവേശനം ലഭിച്ചവർ നിർബന്ധമായും നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ഓൺലൈൻ രജിസ്ട്രേഷൻ സമയത്ത് അപ്‌ലോഡ് ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക്: 04712560363

# ഇസഡ് കാറ്റഗറി സുരക്ഷ ഉവൈസി സ്വീകരിക്കണമെന്ന് അമിത് ഷാ

ന്യൂഡൽഹി: ഓൾ ഇന്ത്യ മജ്ലിസെ ഇത്തിഹാദുൽ മുസ്ലിമീൻ പ്രസിഡന്റ് അസദുദ്ദീൻ ഉവൈസിയുടെ കാറിന് നേരെ അടുത്തിടെയുണ്ടായ ആക്രമണത്തിന് ശേഷം സർക്കാർ വാഗ്ദാനം ചെയ്ത ഇസഡ് കാറ്റഗറി സുരക്ഷ സ്വീകരിക്കാൻ ആഭ്യന്തര മന്ത്രി അമിത് ഷാ അഭ്യർത്ഥിച്ചു. ഉവൈസി ഇപ്പോഴും സുരക്ഷാ ഭീഷണി നേരിടുന്നുണ്ടെന്ന് സർക്കാർ വിലയിരുത്തലിൽ കണ്ടെത്തിയിട്ടുണ്ടെന്നും എന്നാൽ സിആർപിഎഫ് സംരക്ഷണം സ്വീകരിക്കാൻ ഹൈദരാബാദ് എംപി വിസമ്മതിച്ചതായി തനിക്ക് വിവരം ലഭിച്ചിട്ടുണ്ടെന്നും രാജ്യസഭയിൽ അമിത് ഷാ നടത്തിയ പ്രസ്താവനയിൽ പറഞ്ഞു. ഉത്തർപ്രദേശിൽ വച്ച് ഉവൈസിയുടെ കാറിന് നേരെ വെടിയുതിർത്ത സംഭവത്തിൽ വിശദമായ അന്വേഷണം നടക്കുന്നുണ്ടെന്നും ആഭ്യന്തര മന്ത്രാലയം സംസ്ഥാന സർക്കാരിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഷാ പറഞ്ഞു.

# ലൈറ്റിംഗ് ഡിസൈൻ പ്രോഗ്രാം

സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ ആഭിമുഖ്യത്തിലുള്ള എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2022 ജനുവരി സെഷനിൽ നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈറ്റിംഗ് ഡിസൈൻ പ്രോഗ്രാമിന് ഫെബ്രവരി 28 വരെ അപേക്ഷിക്കാം. പത്താം ക്ലാസ് ആണ് അടിസ്ഥാന വിദ്യാഭ്യാസയോഗ്യത. കമ്പ്യൂട്ടർ നിയന്ത്രിത സ്റ്റേജ് ലൈറ്റിംഗ്, ഇന്റീരിയർ ലൈറ്റിംഗ്, ടെലിവിഷൻ പ്രൊഡക്ഷൻ ലൈറ്റിംഗ്, ആംബിയൻസ് ലൈറ്റിംഗ്, ആർക്കിടെക്ചറൽ ലൈറ്റിംഗ് എന്നിങ്ങനെ ലൈറ്റിംഗ് ടെക്നിക്കുകളും അത്യാധുനിക ലൈറ്റിംഗ് കൺസോളിൽ പരിശീലനവും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആറുമാസം ദൈർഘ്യമുള്ള പ്രോഗ്രാമിന്റെ തിയറി പ്രാക്ടിക്കൽ ക്ലാസുകൾ തിരുവനന്തപുരം കാമിയോ ലൈറ്റ് അക്കാദമിയുടെ നേതൃത്വത്തിലാണ് നടത്തപ്പെടുന്നത്. അപേക്ഷാ ഫോറവും പ്രോസ്പെക്ടസും തിരുവനന്തപുരത്ത് നന്ദാവനം പോലീസ് ക്യാമ്പിനു സമീപം പ്രവർത്തിക്കുന്ന എസ്.ആർ.സി ഓഫീസിൽ നിന്നുംലഭിക്കും. വിലാസം ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ് ഭവൻപി.ഒ, തിരുവനന്തപുരം33. വിശദവിവരങ്ങൾക്ക്: 04712325101, 8281114464.

# നോയിഡയിലെ രണ്ട് 40 നില കെട്ടിടങ്ങൾ പൊളിക്കാൻ സുപ്രീംകോടതി നിർദേശം

ന്യൂഡൽഹി: ഉത്തർപ്രദേശിലെ നോയിഡയിലെ 40 നിലയുള്ള രണ്ട് കെട്ടിടങ്ങൾ പൊളിച്ചുകളയാൻ സുപ്രീംകോടതിയുടെ ഉത്തരവ്. നോയിഡ സൂപ്പർടെക് എമറാൾഡ് കോർട്ടിൻറെ രണ്ട് ഫ്ളാറ്റ് സമുച്ചയങ്ങൾ 12 ദിവസത്തിനുള്ളിൽ പൊളിച്ചു നീക്കാനാണ് സുപ്രീം കോടതി നിർദേശിച്ചത്.

അടുത്ത 72 മണിക്കൂറിനുള്ളിൽ കെട്ടിടം പൊളിക്കുന്നതിനുള്ള എല്ലാ തയാറെടുപ്പുകളും ആരംഭിക്കണമെന്നും കോടതി ആവശ്യപ്പെട്ടു. 2021 ഓഗസ്റ്റിൽ ഡി.വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് ഫ്ലാറ്റ് സമുച്ചയം പൊളിക്കാൻ ഉത്തരവിട്ടിരുന്നു.

ഫ്ളാറ്റ് ചട്ടങ്ങൾ പാലിക്കാതെ അനധികൃതമായിട്ടാണ് പണികഴിപ്പിച്ചിരിക്കുന്നതെന്ന് കണ്ടെത്തിയ കോടതി, ബഹുനില കെട്ടിടം പൊളിച്ച് അത് വാങ്ങിയവർക്ക് അതിനായി ചിലവാക്കിയ തുക 12 ശതമാനം പലിശ സഹിതം തിരികെ നൽകാൻ നിർദേശിച്ചു. ഫെബ്രുവരി 28ന് മുമ്പായി പണം തിരകെ നൽകാനാണ് കോടതിയുടെ നിർദേശം.

നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് സൂപ്പർടെക് മുന്നോട്ട് വെച്ച ഉപാധി കോടതി തള്ളി അമികസ് ക്യൂരിയുടെ നിർദേശം അനുസരിച്ച് വാങ്ങിയ തുക തിരികെ നൽകാൻ കോടതി ഉത്തരവിടുകയായിരുന്നു. കോടതി വിധി ഇതുവരെ പാലിക്കാതെ വന്നപ്പോൾ വീട് വാങ്ങിയവർ കോടതിയെ സമീപിച്ചതിന് പിന്നാലെയാണ് 12 ദിവസത്തിനുള്ള പൊളിച്ച് നീക്കാൻ കോടതി ഉത്തരവിട്ടിരിക്കുന്നത്.

## ടെണ്ടർ ക്ഷണിച്ചു

ശാസ്താംകോട്ട അഡീഷണൽ ഐസിഡിഎസ് പദ്ധതിയുടെ പരിധിയിലുള്ള മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിലെ 42 അങ്കണവാടികളിലേക്ക് പ്രീ സ്കൂൾ കിറ്റ് വാങ്ങുന്നതിന് ടെൻഡർ ക്ഷണിച്ചു. അവസാന തീയതി ഫെബ്രുവരി 18 ഉച്ചയ്ക്ക് ഒരു മണി. കൂടുതൽ വിവരങ്ങൾക്ക് 04762834101, 9847539998, 9446853900

# ആടുവളർത്തൽ പരിശീലനം

കൊട്ടിയം മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഫെബ്രുവരി 10 ന് ആടുവളർത്തലിൽ പരിശീലനം സംഘടിപ്പിക്കുന്നു. വിശദ വിവരങ്ങൾക്കും രജിസ്ട്രേഷനും ഫോൺ 8113964940

# ക്വട്ടേഷൻ ക്ഷണിച്ചു

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ മൊബൈൽ അക്വാലാബിനായി ലാമിനർ ഫ്ളോ കാബിനറ്റ് വാങ്ങുന്നതിന് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചു. ടാക്സ് ഉൾപ്പടെയുള്ള വില രേഖപ്പെടുത്തണം. അവസാന തീയതി ഫെബ്രുവരി ഏഴ് , ഉച്ചയ്ക്ക് മൂന്ന് മണി. കൂടുതൽ വിവരങ്ങൾക്ക് 0474 2792850.

## റാങ്ക്പട്ടിക റദ്ദാക്കി

സ്റ്റേറ്റ് ഫാർമിംഗ് കോർപറേഷൻ ഓഫ് കേരള ലിമിറ്റഡിലെ ഡ്രൈവർ ഗ്രേഡ് ടു /ട്രാക്ടർ ഡ്രൈവർ (കാറ്റഗറി നമ്പർ 512/2015) തസ്തികയിലേക്കുള്ള റാങ്ക് പട്ടിക കാലാവധി പൂർത്തിയായതിനെ തുടർന്ന് റദ്ദാക്കിയതായി ജില്ലാ പി എസ് സി ഓഫീസർ അറിയിച്ചു.

# വാഹന നികുതി കുടിശിക: ഒറ്റത്തവണ തീർപ്പാക്കൽ മാർച്ച് 31 വരെ നീട്ടി

വാഹന നികുതി കുടിശികയുമായി ബന്ധപ്പെട്ടു 202021ലെ ബജറ്റിൽ പ്രഖ്യാപിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി മാർച്ച് 31 വരെ നീട്ടി. പദ്ധതി പ്രകാരം നികുതി കുടിശിക അടയ്ക്കുന്ന വാഹനങ്ങളുടെ 2016 മാർച്ച് 31 വരെയുള്ള കുടിശിക പൂർണമായി ഒഴിവാക്കിയിട്ടുണ്ട്.

2020 മാർച്ച് 31ന് കുറഞ്ഞതു നാലു വർഷം നികുതി കുടിശിക വരുത്തിയിട്ടുള്ള ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് നാലു വർഷത്തെ നികുതി കുടിശികയുടെ 30 ശതമാനവും നോൺട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് 40 ശതമാനവും അടച്ച് ബാധ്യതകളിൽനിന്ന് ഒഴിവാകാം. വാഹനം സംബന്ധിച്ച് ഉടമയ്ക്കു യാതൊരു വിവരവുമില്ലെങ്കിലോ വാഹനം പൊളിച്ചുകളഞ്ഞെങ്കിലോ വാഹനം മോഷണം പോയെങ്കിലോ ഒറ്റത്തവണ പദ്ധതി പ്രകാരം നികുതി അടച്ചശേഷം 100 രൂപയുടെ മുദ്രപ്പത്രത്തിൽ സത്യവാങ്മൂലം സമർപ്പിച്ചാൽ ഭാവിയിൽ ഉണ്ടാകാവുന്ന നികുതി ബാധ്യതകളിൽനിന്ന് ഒഴിവാകാം. തുടർന്നും സർവീസ് നടത്താൻ ആഗ്രഹിക്കുന്ന വാഹന ഉടമകൾക്ക് 2020 ഏപ്രിൽ ഒന്നു മുതലുള്ള നികുതി അടച്ച് രേഖകൾ സാധുവാക്കി സർവീസ് നടത്തുന്നതിന് അനുമതി നൽകും. നികുതി കുടിശിക വരുത്തിയിട്ടുള്ള വാഹന ഉടമകൾ ഈ അവസരം പ്രയോജനപ്പെടുത്തണമെന്നു ട്രാൻസ്പോർട്ട് കമ്മിഷണറേറ്റിൽനിന്ന് അറിയിച്ചു.

## ടെണ്ടർ ക്ഷണിച്ചു

ചവറ ഐസിഡിഎസ് പദ്ധതി പരിധിയിലെ തേവലക്കര പഞ്ചായത്തിലെ അങ്കണവാടികൾക്ക് ആവശ്യമായ പ്രീസ്കൂൾ കിറ്റ് ലഭ്യമാക്കുന്നതിന് വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ടെണ്ടർ ക്ഷണിച്ചു. അവസാന തീയതി ഫെബ്രുവരി 15, ഉച്ചയ്ക്ക് രണ്ട് മണി. ഉച്ചയ്ക്ക് 12 മണി വരെ ടെൻഡർ ഫോമുകൾ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ശങ്കരമംഗലം മിനി സിവിൽസ്റ്റേഷനിലെ ഐസിഡിഎസ് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ 0476 2680719

# ടാലന്റ് സെർച്ച് പരീക്ഷ

സംസ്ഥാന പട്ടികവർഗ വികസന വകുപ്പിന്റെ അയ്യൻകാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡവലപ്മെന്റ് സ്കീം സ്കോളർഷിപ്പിന് 202223 അദ്ധ്യയന വർഷത്തിലേക്കുള്ള വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനായി മത്സര പരീക്ഷ നടത്തുന്നു. 202122 അദ്ധ്യയന വർഷത്തിൽ നാലാം ക്ലാസിൽ പഠിക്കുന്ന ജില്ലയിലെ പട്ടിക വർഗ വിദ്യാർത്ഥികൾക്കായി മാർച്ച് 12ന് ഉച്ചയ്ക്ക് രണ്ട് മുതൽ നാല് വരെയാണ് പരീക്ഷ. വാർഷിക കുടുംബ വരുമാനം 50000 രൂപയിൽ കവിയാത്തവർക്ക് അപേക്ഷിക്കാം. പ്രത്യേക ദുർബല ഗോത്രവർഗ്ഗത്തിൽ പെടുന്നവർക്ക് വരുമാന പരിധി ബാധകമല്ല. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പഠനോപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവ വാങ്ങുന്നതിനും പ്രത്യേക ട്യൂഷൻ നൽകുന്നതിനുമുള്ള ധനസഹായവും പത്താം ക്ലാസ് വരെയുള്ള പഠനത്തിന് പ്രതിമാസ സ്റ്റൈപ്പെന്റും ലഭിക്കും.

വിദ്യാർത്ഥികൾ, പേര്, രക്ഷിതാവിന്റെ പേര്, മേൽവിലാസം, സമുദായം, ആൺകുട്ടിയോ പെൺകുട്ടിയോ, പഠിക്കുന്ന ക്ലാസ്, സ്കൂളിന്റെ പേരും വിലാസവും തുടങ്ങിയ വിവരങ്ങൾ സഹിതം വെള്ളപ്പേപ്പറിൽ തയാറാക്കിയ അപേക്ഷ സ്കൂൾ മേധാവിയുടെ സാക്ഷ്യപെടുത്തൽ സഹിതം പുനലൂരിലെ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിൽ നൽകണം . ആലപ്പുഴ, കുളത്തൂപ്പുഴ എക്സ്റ്റൻഷൻ ഓഫീസുകളിലും അപേക്ഷ സ്വീകരിക്കും. അവസാന തീയതി ഫെബ്രുവരി 21. അപേക്ഷയോടൊപ്പം ജാതി,വരുമാന സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതില്ല. കൂടുതൽ വിവരങ്ങൾക്ക് 0475 2222353

# 1,88,507 കോടി രൂപ ചിലവ് വരുന്ന 6,721 പദ്ധതികളുടെ ടെൻഡർ നടപടികൾ സ്മാർട്ട് സിറ്റികൾ പൂർത്തിയാക്കി

ന്യൂ ഡൽഹി : 2016 ജനുവരി മുതൽ 2018 ജൂൺ വരെയുള്ള കാലയളവിൽ നാല് ഘട്ടങ്ങൾ നീണ്ട മത്സരങ്ങൾക്ക് ശേഷം 100 സ്മാർട്ട് സിറ്റികളെ സ്മാർട്ട് സിറ്റി ദൗത്യത്തിന് (ടഇങ) കീഴിൽ തിരഞ്ഞെടുത്തിട്ടുണ്ട്. കേന്ദ്ര ഭവന നിർമ്മാണ, നഗരകാര്യ മന്ത്രി ശ്രീ ഹർദീപ് സിംഗ് പുരി രാജ്യസഭയിൽ രേഖാമൂലം അറിയിച്ചതാണ് ഇക്കാര്യം.

സ്മാർട്ട് സിറ്റി ദൗത്യത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, ഒരു നഗരത്തിന് പ്രതിവർഷം ശരാശരി 100 കോടി രൂപ എന്ന കണക്കിൽ 5 വർഷ കാലയളവിലേക്ക് 48,000 കോടി രൂപയുടെ ധനസഹായം കേന്ദ്ര ഗവൺമെന്റ് നൽകും. ഇതിന് തത്തുല്യമായ തുക സംസ്ഥാന ഭരണകൂടങ്ങളും/നഗര തദ്ദേശീയ ഭരണകൂടങ്ങളും സംഭാവന നൽകുന്നതാണ്.

2022 ജനുവരി 21 വരെയുള്ള കണക്കുകൾ പ്രകാരം, 1,88,507 കോടി രൂപ ചിലവ് വരുന്ന 6,721 പദ്ധതികളുടെ ടെൻഡർ നടപടികൾക്കാണ് ഈ സ്മാർട്ട് സിറ്റികൾ തുടക്കമിട്ടത്. 1,62,908 കോടി രൂപയുടെ 6,124 പദ്ധതികളിൽ വർക്ക് ഓർഡറുകൾ നൽകി കഴിഞ്ഞു. ? 58,735 കോടി രൂപ മൂല്യം വരുന്ന 3,421 പദ്ധതികളുടെ പണി പൂർത്തിയാക്കിയിട്ടുമുണ്ട്.

2022 ജനുവരി 21 വരെയുള്ള കണക്കുകൾ പ്രകാരം, 100 സ്മാർട്ട് സിറ്റികൾക്കായി ? 28,413.60 കോടി രൂപയാണ് ഭാരത സർക്കാർ അനുവദിച്ചിട്ടുള്ളത്. ഈ തുകയുടെ 83% (? 23,668.27 കോടി രൂപ) ഉപയോഗിച്ചു കഴിഞ്ഞു.

സ്മാർട്ട് സിറ്റി ദൗത്യത്തിന് കീഴിൽ കൂടുതൽ നഗരങ്ങളെ കൂടി ഉൾപ്പെടുത്താനുള്ള നിർദ്ദേശങ്ങളൊന്നും നിലവിൽ ഗവൺമെന്റിന്റെ പരിഗണനയില്ല.

## നാലാം ഘട്ട അലോട്ട്മെന്റ്

കണ്ണൂർ പറശ്ശിനിക്കടവ് എം.വി.ആർ ആയുർവേദ മെഡിക്കൽ കോളേജിൽ കേരള ആരോഗ്യ സർവകലാശാല അംഗീകരിച്ച 202122 വർഷത്തെ ബി.എസ്.സി നേഴ്സിംഗ് (ആയുർവേദം), ബി.ഫാം (ആയുർവേദം) എന്നീ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ചവരുടെ നാലാം ഘട്ട അലോട്ട്മെന്റ് ം.ഹയരെലട്യെല.സല്യമഹമ.ഴീ.ശി എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ വെബ്സൈറ്റിൽ നിന്ന് പ്രിന്റൗട്ടെടുത്ത മെമ്മോയും അസൽ സർട്ടിഫിക്കറ്റുകളുമായി ഫെബ്രുവരി 11 നകം കോളേജിൽ പ്രവേശനം നേടണം. കൂടുതൽ വിവരങ്ങൾക്ക്: 04712560363, 364.

# നോർക്ക റൂട്ട്സിൽ സൗദി എംബസി സാക്ഷ്യപ്പെടുത്തൽ

നോർക്കറൂട്ട്സിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ഓഫീസുകൾ വഴി സൗദി എംബസി സാക്ഷ്യപ്പെടുത്തൽ സേവനം ലഭ്യമാകുമെന്ന് സി.ഇ.ഒ അറിയിച്ചു.

കേരളത്തിൽ നിന്നും സൗദി അറേബ്യയിൽ ജോലി ചെയ്യുന്നവർക്കും ആ രാജ്യത്തേക്ക് ജോലിക്ക് പോകാൻ തയാറെടുക്കുന്നവർക്കും വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ (റെഗുലർ മോഡ്) നോർക്കറൂട്ട്സ് ഓഫീസുകൾ വഴി സൗദി അറേബ്യൻ കൾച്ചറൽ അറ്റാഷേയുടെയും സൗദി അറേബ്യൻ എംബസിയുടെയും അറ്റസ്റ്റേഷന് വേണ്ടി സമർപ്പിക്കാവുന്നതാണ്.

സൗദി അറേബ്യൻ വിദേശകാര്യ മന്ത്രാലയം സാക്ഷ്യപ്പെടുത്തിയ ഓഫർ ലെറ്റർ/എംപ്ലോയ്മെന്റ് ലെറ്റർ ഹാജരാക്കേണ്ടതാണ്.

വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളോടൊപ്പം വിദ്യാഭ്യാസേതര സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തി നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 18004253939 എന്ന ടോൾ ഫ്രീ നമ്പറിലോ ീൃസമരല്യശേളശരമലേ@ഴാമശഹ.രീാ എന്ന ഇമെയിലിലോ ബന്ധപ്പെടാവുന്നതാണ്. 0091 880 20 12345 എന്ന നമ്പരിൽ വിദേശത്തു നിന്നും മിസ്സ്ഡ് കോൾ സേവനവും ലഭ്യമാണ്.

# കേരള ട്രാവൽമാർട്ട് ഉദ്ഘാടനം മേയ് അഞ്ചിലേക്ക് മാറ്റി വച്ചു

തിരുവനന്തപുരം: രാജ്യത്തെ ടൂറിസം മേഖലയിലെ ഏറ്റവും വലിയ മേളയായ കേരള ട്രാവൽമാർട്ട് 11ാം ലക്കം കൊവിഡ് പ്രതിസന്ധിയെത്തുടർന്ന് 2022 മേയ് അഞ്ചിലേക്ക് മാറ്റി. കൊവിഡ് കാല ഘട്ടത്തിന് ശേഷം ഇന്ത്യയിൽ ആദ്യമായി നടക്കുന്ന പ്രമുഖ ട്രാവൽ മാർട്ടാണ് കെടിഎം 2022. മേയ് അഞ്ചിന് കൊച്ചിയിൽ നടക്കുന്ന ഉദ്ഘാടന ചടങ്ങിന് ശേഷം വെല്ലിംഗ്ടൺ ഐലൻറിലെ സാഗര, സാമുദ്രിക കൺവെൻഷൻ സെൻററിൽ മേയ് ആറു മുതൽ എട്ട് വരെയാണ് ട്രാവൽമാർട്ട്.

കൊവിഡ് മൂന്നാം തരംഗത്തിൻറെ പശ്ചാത്തലത്തിലാണ് മാർച്ചിൽ നടത്താനിരുന്ന മാർട്ട് മാറ്റി വയ്ക്കാൻ തീരുമാനിച്ചതെന്ന് ഓൺലൈനായി നടത്തിയ വാർത്താ സമ്മേളനത്തിൽ കേരള ടൂറിസം അഡി. ചീഫ് സെക്രട്ടറി ഡോ. വേണു വി ഐഎഎസ് പറഞ്ഞു. മാർട്ടിൽ പങ്കെടുക്കാനെത്തുന്ന ആയിരത്തിൽപരം ബയർമാർക്കും സുരക്ഷിതമായ കേരള സന്ദർശനം ഉറപ്പു വരുത്തുന്നതിനു വേണ്ടിയാണ് ഈ തീരുമാനമെന്നും അദ്ദേഹം പറഞ്ഞു.

ഒട്ടേറെ പുതിയ ടൂറിസം കേന്ദ്രങ്ങളും ആകർഷകമായ ടൂറിസം ഉത്പന്നങ്ങളും സഞ്ചാരികളെ കാത്തിരിക്കുകയാണെന്ന് കേരള ടൂറിസം ഡയറക്ടർ ശ്രീ വി ആർ കൃഷ്ണ തേജ ഐഎഎസ് പറഞ്ഞു.

കാരവാൻ ടൂറിസം പോലുള്ള ആകർഷകമായ പുതിയ ഉത്പന്നങ്ങൾ അവതരിപ്പിച്ച സർക്കാർ തീരുമാനം ആഹ്ലാദകരമാണെന്ന് കെടിഎം സൊസൈറ്റി പ്രസിഡൻറ് ശ്രീ ബേബി മാത്യു ചൂണ്ടിക്കാട്ടി.

കെടിഎമ്മിനായി രജിസ്റ്റർ ചെയ്ത വ്ളോഗർമാർക്കും മാധ്യമപ്രവർത്തകർക്കായി കെടിഎമ്മിനു മുന്നോടിയായി കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ കോർത്തിണക്കിയുള്ള സന്ദർശനം ഏർപ്പെടുത്തും തെരഞ്ഞെടുത്ത ബയേഴ്സിനായി കെടിഎമ്മിനു ശേഷം കേരള സഞ്ചാര പരിപാടി ഉണ്ടാകുമെന്നും പ്രസിഡൻറ് അറിയിച്ചു.

ഒരു ലക്ഷം ചതുരശ്രയടി വിസ്തീർണമുള്ള വേദിയാണ് ഇക്കുറി ഒരുക്കിയിട്ടുള്ളതെന്ന് കെടിഎം സെക്രട്ടറി ശ്രീ ജോസ് പ്രദീപ് പറഞ്ഞു. പൂർണമായും കടലാസ് രഹിത ഹരിത മാർട്ടായിരിക്കും ഇത്തവണ ഒരുക്കുകയെന്നും അദ്ദേഹം പറഞ്ഞു.

കാരവാൻ ടൂറിസം, ഉത്തരവാദിത്ത ടൂറിസം എന്നിവയ്ക്ക് പ്രത്യേക പ്രദർശനമുണ്ടാകുമെന്ന് മുൻ പ്രസിഡൻറ് ശ്രീ ഏബ്രഹാം ജോർജ്ജ് പറഞ്ഞു. നിലവിൽ രജിസ്റ്റർ ചെയ്തവർക്ക് വീണ്ടും രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

കെടിഎം സൊസൈറ്റി മുൻ പ്രസിഡൻറുമാർ, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

രണ്ട് പതിറ്റാണ്ടിനു ശേഷം കേരളം ലോകത്തിന് മുന്നിൽ സമർപ്പിക്കുന്ന സുപ്രധാന ടൂറിസം ഉത്പന്നമായ കാരവാൻ ടൂറിസവും സാഹസിക ടൂറിസവുമാകും ഇക്കുറി കേരള ട്രാവൽമാർട്ടിൻറെ പ്രമേയം. ഇതോടൊപ്പം കഴിഞ്ഞ എട്ട് വർഷങ്ങളായി തുടർന്നു വരുന്ന ഉത്തരവാദിത്ത ടൂറിസം ഇത്തവണയും പ്രധാന വിഷയമാണ്.

കേരളത്തിന് ലോക ടൂറിസം ഭൂപടത്തിൽ പ്രത്യേക സ്ഥാനം നേടിത്തന്ന പുരവഞ്ചി ടൂറിസത്തിനു ശേഷം അവതരിപ്പിക്കുന്ന കാരവാൻ ടൂറിസത്തെ ഈ വ്യവസായം വലിയ പ്രതീക്ഷയോടെയാണ് കാണുന്നത്. എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചു കൊണ്ട് കാരവാൻ ടൂറിസത്തിൻറെ സുഗമമായ പ്രവർത്തനത്തിന് വഴിയൊരുക്കുന്ന സർക്കാർ നടപടി വ്യവസായത്തിന് ഊർജ്ജം പകരും. കൂടാതെ മലബാർ കേന്ദ്രീകരിച്ചുള്ള ടൂറിസം മേഖലയുടെ പ്രചാരണവും ഇക്കുറി കെടിഎമ്മിൻറെ പ്രധാന ഇനമാണ്.

ആഭ്യന്തര ബയർമാർക്ക് കൂടുതൽ പ്രാധാന്യം നൽകിയാണ് കെടിഎം 11ാം ലക്കം വിഭാവനം ചെയ്തിരിക്കുന്നത്. 1100 ൽപരം വിദേശആഭ്യന്തര ബയർമാർ ഇതിനകം തന്നെ കെടിഎമ്മിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. മൂന്നാം തരംഗം കുറയുന്നതോടെ ബയർമാരുടെ എണ്ണം ഇനിയും വർധിക്കുമെന്നാണ് കെടിഎം സൊസൈറ്റി കണക്കു കൂട്ടുന്നത്. രാജ്യത്തിനകത്തും പുറത്തു നിന്നുമായി നൂറോളം മാധ്യമങ്ങളും കെടിഎമ്മിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് ബയർമാരെ ആകർഷിക്കാൻ കൂടുതൽ പ്രോത്സാഹന നടപടികൾ എടുത്തിട്ടുണ്ട്.

കൊവിഡ് പശ്ചാത്തലത്തിൽ 2021 മാർച്ച് ഒന്നു മുതൽ അഞ്ച് വരെ വെർച്വൽ കേരള ട്രാവൽ മാർട്ടിൽ നടത്തിയിരുന്നു. കൊവിഡാനന്തര സാമ്പത്തിക പ്രതിസന്ധിയെ മറികടക്കാനും സംസ്ഥാനത്തിൻറെ സൽപേര് വർധിപ്പിക്കാനും ടൂറിസം വ്യവസായത്തിന് നേതൃത്വപരമായ പങ്ക് വഹിക്കാനാകുമെന്ന് കെടിഎം ഈ വെർച്വൽ മീറ്റിലൂടെ തെളിയിച്ചു.

## കോഷൻ ഡെപ്പോസിറ്റ്

തിരുവനന്തപുരം ഗവൺമെന്റ് ആർട്സ് കോളജിൽ 20052006 അധ്യയന വർഷം മുതൽ 20152016 അധ്യയന വർഷം വരെ പഠിച്ചിരുന്നതും ഇതുവരേയും കോഷൻ ഡെപ്പോസിറ്റ് തുക കൈപ്പറ്റാത്തതുമായ വിദ്യാർഥികൾ മാർച്ച് ഏഴിനു മുമ്പായി കോഷൻ ഡെപ്പോസിറ്റ് തുക കൈപ്പറ്റണം. ഈ തീയതിക്കുള്ളിൽ തുക കൈപ്പറ്റിയില്ലെങ്കിൽ ഇനിയൊരറിയിപ്പ് ഇല്ലാതെ സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കും.

# സ്കോളർഷിപ്പിന് അപേക്ഷിക്കാം

202021 അധ്യയന വർഷം ഉറുദു ഒന്നാം ഭാഷയായെടുത്ത് എസ്.എസ്.എൽ.സി യും ഉറുദു രണ്ടാം ഭാഷയായെടുത്ത് പ്ലസ് ടൂ വും പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ+ നേടിയ വിദ്യാർഥികൾക്ക് ക്യാഷ് അവാർഡ് (ഇബ്രാഹിം സുലൈമാൻ സേട്ടു സ്കോളർഷിപ്പ്) നൽകുന്നതിന് സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു.

ം.ാശിീൃശ്യേംലഹളമൃല.സല്യമഹമ.ഴീ.ശി എന്ന വെബ്സെറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 28. കൂടുതൽ വിവരങ്ങൾക്ക് 04712300524.

# വാക് ഇൻ ഇന്റർവ്യൂ

തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവേദ കോളജിലെ ക്രിയാശാരീരം, ആർ ആൻഡ് ബി, ശല്യതന്ത്രം വിഭാഗങ്ങളിൽ ഒഴിവുള്ള ഓരോ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്കു കരാർ നിയമനത്തിനായി വാക് ഇൻ ഇന്റർവ്യൂ നടത്തുന്നു. ബന്ധപ്പെട്ട വിഷയങ്ങളിൽ ബിരുദാനന്തര ബിരുദമുള്ളവർക്ക് പങ്കെടുക്കാം. കാലാവധി ഒരു വർഷം. ക്രിയാശാരീരം ഫെബ്രുവരി എട്ടിന് രാവിലെ 11 മണി, ആർ ആൻഡ് ബി ഫെബ്രുവരി ഒമ്പതിന് രാവിലെ 11, ശല്യതന്ത്ര ഫെബ്രുവരി 10ന് രാവിലെ 11 എന്നിങ്ങനെയാകും വാക് ഇൻ ഇന്റർവ്യൂ. താത്പര്യമുള്ളവർ ബയോഡാറ്റ, ജനന തീയതി, വിദ്യാഭ്യാസ യോഗ്യത, മുൻപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ എന്നിവയുമായി അതതു വിഷയങ്ങളുടെ ഇന്റർവ്യൂ നടക്കുന്ന സമയത്ത് കോളജ് പ്രിൻസിപ്പാൾ മുൻപാകെ അഭിമുഖത്തിനു ഹാജരാകണം.

# കശ്മീരിലെ വിഘടനവാദികളെ അനുകൂലിച്ച് ട്വീറ്റ്: ഹ്യൂണ്ടായ് വിവാദത്തിൽ

ന്യൂഡൽഹി: കശ്മീരിലെ വിഘടനവാദികളെ അനുകൂലിച്ചുള്ള പാക് ഡീലറുടെ ട്വീറ്റിൽ ഹ്യൂണ്ടായ്ക്കെതിരെ വൻ പ്രതിഷേധം. ഹ്യൂണ്ടായ് പാകിസ്ഥാൻ ഒഫീഷ്യൽ എന്ന ടിറ്റർ ഹാൻഡലിൽ പോസ്റ്റ് ചെയ്ത കശ്മീരിലെ സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടത്തെ പിന്തുണയ്ക്കുന്നുവെന്ന ടീറ്റാണ് വിവാദമായത്.

പാകിസ്ഥാനിലെ ഹ്യൂണ്ടായിയുടെ ഡീലറായ നിഷ് മോട്ടോഴ്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ ഔദ്യോഗിക അക്കൗണ്ടിൽ നിന്നാണ് ടീറ്റ് പോസ്റ്റ് ചെയ്തത്. 'നമുക്ക് നമ്മുടെ കശ്മീരി സഹോദരങ്ങളുടെ ത്യാഗങ്ങളെ സ്മരിക്കാം, അവർ സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടം തുടരുമ്പോൾ പിന്തുണയുമായി നിൽക്കാം' എന്നായിരുന്നു ടീറ്റ്. സമാനമായൊരു പോസ്റ്റ് ഫേസ്ബുക്കിലും പ്രത്യക്ഷപ്പെട്ടിരുന്നു.

ടീറ്റ് വിവാദമായതോടെ ഹ്യൂണ്ടായ്ക്കെതിരെ വൻ പ്രതിഷേധമാണ് ഇന്ത്യയിൽ ഉടലെടുത്തത്. ഹ്യൂണ്ടായിയെ ബഹിഷ്കരിക്കുക എന്ന ഹാഷ്ടാഗ് ടിറ്റർ ഇന്ത്യയിൽ ട്രെൻഡിങ് ആയി മാറി.

അതേസമയം ടീറ്റിൽ വിശദീകരണവുമായി ഹ്യൂണ്ടായിയും രംഗത്തെത്തി. '25 വർഷത്തിലേറെയായി ഹ്യുണ്ടായ് മോട്ടോർ ഇന്ത്യ ഇന്ത്യൻ വിപണിയിൽ സജീവമാണ്. ദേശീയതയെ ബഹുമാനിക്കുന്ന ശക്തമായ ധാർമ്മികതയിൽ ഞങ്ങൾ ഉറച്ചുനിൽക്കുന്നു.

ഹ്യൂണ്ടായ് ബ്രാൻഡിന്റെ രണ്ടാമത്തെ വീടാണ് ഇന്ത്യ. ഇന്ത്യയോടുള്ള പ്രതിബദ്ധതയുടെ ഭാഗമായി, രാജ്യത്തിന്റെയും പൗരന്മാരുടെയും ഉന്നമനത്തിനായുള്ള ശ്രമങ്ങൾ ഞങ്ങൾ തുടരും' എന്നും ടിറ്ററിൽ ഹ്യൂണ്ടായ് കുറിച്ചു.

## കുടുംബ തർക്കം; യുവാവിനെ കൊലപ്പെടുത്തിയ ബന്ധുക്കൾ അറസ്റ്റിൽ

ന്യൂഡൽഹി: കുടുംബ തർക്കത്തെ തുടർന്ന് ബന്ധുവിനെ കൊലപ്പെടുത്തിയ സംഭവത്തിൽ രണ്ടുപേർ അറസ്റ്റിൽ. കിഴക്കൻ ഡൽഹിയിലെ ഗാസിപുരിൽ ഞായറാഴ്ച രാത്രിയാണ് സുനിൽ കുമാർ(40) എന്നയാളെ ബന്ധുക്കൾ കൊലപ്പെടുത്തിയത്. ഇയാളെ വെടിവച്ചു കൊലപ്പെടുത്തുകയായിരുന്നു. സുനിൽ കുമാറിൻറെ സഹോദരൻ സുധീർ ആണ് സംഭവം പോലീസിൽ അറിയിച്ചത്. സുനിലിൻറെ ബന്ധുക്കളായ ആകാശ്, വിശാൽ എന്നിവരാണ് കൊലനടത്തിയത്. ഇവരെ കണ്ടെത്താൻ പോലീസ് പ്രത്യേക സംഘത്തെ നിയോഗിച്ചിരുന്നു.

# ധിക്കാരം നിറഞ്ഞ സമീപനമാണ് കോൺഗ്രസിൻേറത്; രൂക്ഷ വിമർശനവുമായി പ്രധാനമന്ത്രി

ന്യൂഡൽഹി: കോൺഗ്രസ് പാർട്ടിയെയും രാഹുൽ ഗാന്ധിയെയും രൂക്ഷമായി വിമർശിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ഈ നൂറ്റാണ്ടിലെ ഏറ്റവും മോശം രാഷ്ട്രീയമാണ് കോൺഗ്രസിൻറേതെന്നും ധിക്കാരം നിറഞ്ഞ സമീപനമാണ് കോൺഗ്രസ് സ്വീകരിക്കുന്നതെന്നും വൃത്തികെട്ട രാഷ്ട്രീയമാണ് കോൺഗ്രസ് കളിക്കുന്നതെന്നും മോദി കുറ്റപ്പെടുത്തി.

അടുത്ത നൂറ് വർഷത്തേക്ക് കോൺഗ്രസ് ഭരണം ആഗ്രഹിക്കുന്നില്ല. അവർക്ക് പ്രതീക്ഷയുമില്ല. ഉത്തർപ്രദേശിൽ കോവിഡ് പടർത്താൻ കോൺഗ്രസ് ശ്രമിച്ചു. അതിഥി തൊഴിലാളികളെ ദുരിതത്തിലേക്ക് തള്ളിയിട്ടു. ചിലർ ഇപ്പോഴും 2014ൽ കുരുങ്ങിക്കിടക്കുകയാണ്. ശക്തികേന്ദ്രങ്ങൾ തള്ളിക്കളഞ്ഞത് കോൺഗ്രസ് മനസിലാക്കുന്നില്ല.

പാർലമെൻറിനെ കോൺഗ്രസ് ദുരുപയോഗം ചെയ്യുകയാണ്. സാധാരണക്കാരുമായി ഒരു ബന്ധവും കോൺഗ്രസിനില്ല. രാഷ്ട്രീയ അന്ധതയിൽ കോൺഗ്രസ് മര്യാദകൾ മറന്നു. കോൺഗ്രസ് ജനാധിപത്യത്തെ അപമാനിക്കുന്നു.

കഴിഞ്ഞ രണ്ട് വർഷമായി രാജ്യം കോവിഡിനെതിരെ പോരാടുകയാണ്. 80 ശതമാനം പേരും പൂർണമായും വാക്സിനേറ്റ് ചെയ്യപ്പെട്ടു. എന്നാൽ ചിലർ കോവിഡിനെ പോലും രാഷ്ട്രീയ വത്ക്കരിക്കുകയാണ് ചെയ്തത്. ഇന്നും രാഹുൽ ഗാന്ധി സഭയിലില്ലെന്നും മോദി കുറ്റപ്പെടുത്തി. എന്തുകൊണ്ട് ജനം തള്ളിക്കളയുന്നുവെന്ന് ആത്മപരിശോധന നടത്തണം. നിങ്ങളുടെ ധിക്കാരം കാരണമെന്ന് മുമ്പോട്ട് പോകാൻ കഴിയാത്തത്. സാധാരണക്കാരുമായി ഒരു ബന്ധവും ഈ പാർട്ടിക്ക് ഇല്ലാതായിരിക്കുന്നു. തെരഞ്ഞെടുപ്പ് എന്ന കുറുക്ക് വഴിമാത്രമല്ല നോക്കേണ്ടത്.

രാഷ്ട്ര വികസനത്തിൽ ഗാന്ധിയുടെ സ്വപ്നങ്ങളെയാണ് കോൺഗ്രസ് തകർക്കുന്നത്. കോൺഗ്രസ് വിചാരിച്ചത് കോവിഡിലൂടെ തന്നെ അപമാനിക്കാമെന്നാണ്. കോവിഡിൽ പ്രതിച്ഛായ ഇടിയുമെന്നും കരുതി.

ഈ ഭരണത്തിൽ കർഷകരുടെ നിലവാരം ഉയർന്നു. ഉത്പന്നങ്ങളുടെ കയറ്റുമതി ഇരട്ടിയായി. സ്വയം പര്യാപ്തരാവുകയാണ് കർഷകർ. ആത്മ നിർഭർ ഭാരത് പദ്ധതിയേയും കോൺഗ്രസ് എതിർക്കുന്നു .കേന്ദ്ര സർക്കാരിൻറെ പദ്ധതികൾ ജനങ്ങൾക്ക് ഏറെ പ്രയോജനപ്പെടുന്നു.

കോവിഡ് നിയന്ത്രണത്തിൽ ഇന്ത്യ ലോകരാജ്യങ്ങൾക്ക് മാതൃകയായി. കോവിഡിന് ശേഷം പുതിയ നേതൃതലത്തിലേക്ക് ഇന്ത്യ എത്തി. ബിജെപി ഭരണത്തിൽ പാവങ്ങൾ ലക്ഷാധിപതികളാകുന്നുവെന്നും മോദി പറഞ്ഞു.

# ആൾ ദൈവം ഗുർമീത് സിങ്ങിന് ആദ്യമായി മൂന്നാഴ്ച പരോൾ

റോത്തക്ക്: കൊലക്കേസിൽ ജീവപര്യന്തം തടവ് ശിക്ഷ അനുഭവിക്കുന്ന വിവാദ ആൾദൈവം ദേര സച്ച സൗദ മേധാവി ഗുർമീത് രാം റഹീം സിങ്ങിന് 21 ദിവസത്തെ പരോൾ അനുവദിച്ചു.

2002 ൽ മാനേജറെ കൊലപ്പെടുത്തിയതിന് ജീവപര്യന്തം ജയിൽ വിധിക്കപ്പെട്ട രാം റഹീം 2017 ൽ രണ്ട് സ്ത്രീകളെ ബലാത്സംഗം ചെയ്ത കേസിലും കുറ്റക്കാരനാണെന്ന് വിധിച്ചിരുന്നു. ശിഷ്യകളായ രണ്ട് യുവതികളെയാണ് ഇയാൾ ലൈംഗികമായി പീഡിപ്പിച്ചത്. റോത്തക്കിലെ സുനാരിയ ജയിലിലാണ് രാം റഹീമിനെ പാർപ്പിച്ചിരുന്നത്.

ആദ്യമായാണ് ഇയാൾക്ക് മൂന്നാഴ്ച ജയിലിനു പുറത്തുപോകാൻ അനുമതി ലഭിക്കുന്നത്. നേരത്തെ ഉദയം മുതൽ അസ്തമയം വരെ മാത്രമാണ് രാം റഹീമിന് ജാമ്യം നൽകിയിരുന്നത്. കുടുംബാംഗങ്ങളെ അല്ലാതെ മറ്റാരെയും കാണരുതെന്ന ഉപാധിയോടെയാണ് പരോൾ അനുവദിച്ചതെന്ന് ജയിൽ ഉദ്യോഗസ്ഥൻ പറഞ്ഞു. പരോൾ ലഭിക്കാൻ ഓരോ തടവുകാരനും അവകാശമുണ്ടെന്നും അതുമാത്രമാണ് സംഭവിച്ചിരിക്കുന്നതെന്നും ഹരിയാന ജയിൽ മന്ത്രി രഞ്ജിത് സിങ് ചൗതാല പറഞ്ഞു.

## അഞ്ചുവയസുകാരിയെ കാട്ടാന അടിച്ചുകൊന്നു

ചാലക്കുടി: അതിരപ്പിള്ളി കണ്ണൻകുഴി ശിവക്ഷേത്രത്തിന് സമീപത്തുവച്ച് അഞ്ചുവയസുകാരിയെ കാട്ടാന അടിച്ചുകൊന്നു. മാള പുത്തൻചിറ സ്വദേശിനി ആഗ്നിമിയ ആണ് കൊല്ലപ്പെട്ടത്.

ഇന്നലെ വൈകിട്ട് ഏഴുമണിക്കായിരുന്നു സംഭവം. കുട്ടിയുടെ പിതാവ് പുത്തൻചിറ കച്ചട്ടിൽ നിഖിലിനും(36) അമ്മയുടെ അച്ഛൻ ജയനും(50) പരിക്കേറ്റു. ഒരു ബന്ധുവിന്റെ മരണവുമായി ബന്ധപ്പെട്ട ചടങ്ങുകൾക്ക് കണ്ണംകുഴിയിൽ എത്തിയതായിരുന്നു ഇവർ. ബൈക്കിൽ സഞ്ചരിക്കുകയായിരുന്ന ഇവരെ കാട്ടാന തുമ്പിക്കൈ കൊണ്ട് അടിച്ചുവീഴ്ത്തുകയായിരുന്നു. തെറിച്ചുവീണ കുട്ടി തൽക്ഷണം മരണമടഞ്ഞു. പരിക്കേറ്റവരെ ചാലക്കുടിയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

# ചാണക വരളി നിർമ്മാണം: ശില്പശാല സംഘടിപ്പിച്ച് ബിഎച്ച്യു

വാരാണസി: ബനാറസ് ഹിന്ദുസർവകലാശാലയിൽ ചാണക വരളി ഉണ്ടാക്കുന്നതിൽ ശില്പശാല സംഘടിപ്പിച്ച് അധികൃതർ. ബിഎച്ച്യുവിലെ സംയോജിത ഗ്രാമവികസന കേന്ദ്രത്തിൽ നടന്ന ശില്പശാലയിലാണ് വിദ്യാർത്ഥികൾക്ക് ചാണക വരളി ഉണ്ടാക്കുന്നതിൽ പരിശീലനം നൽകിയത്.

സർവകലാശാലയിലെ പ്രൊഫസർ ആണ് ഈ വീഡിയോ സമൂഹമാധ്യമങ്ങളിൽ പങ്കുവച്ചത്. ചാണക വരളി പൂജ നടത്താനും ഭക്ഷണം തയാറാക്കുന്നതിനുള്ള ഇന്ധനമായും ഉപയോഗിക്കാമെന്ന് അദ്ദേഹം വീഡിയോയിൽ പറയുന്നു. ചാണകത്തിൽ നിന്ന് തയാറാക്കാവുന്ന ഉല്പന്നങ്ങൾ വിൽക്കുന്നതിനുള്ള ക്രമീകരണം സർക്കാർ ചെയ്യണമെന്നും അദ്ദേഹം പറയുന്നു. അതേസമയം സർവകലാശാലകൾ ഉന്നത പഠനത്തിനുള്ള സ്ഥലങ്ങളാകണമെന്നും ചാണക വരളി ഉണ്ടാക്കുന്നത് പഠിക്കാനുള്ള സ്ഥലങ്ങളല്ലെന്നും സോഷ്യൽ മീഡിയകളിൽ അഭിപ്രായമുയർന്നു.

## കെട്ടിടത്തിന്റെ മുകളിൽ നിന്ന് ചാടിയ പന്ത്രണ്ടുവയസുകാരൻ മരിച്ചു

കൊൽക്കത്ത: കാർട്ടൂൺ രംഗം അനുകരിച്ച് കെട്ടിടത്തിന്റെ മുകളിൽ നിന്ന് ചാടിയ പന്ത്രണ്ടുവയസുകാരൻ മരിച്ചു. ബിരാജ് പചീസ്യയാണ് മരിച്ചത്. ഫൂൽബാഗിൽ ശനിയാഴ്ചയായിരുന്നു സംഭവം. പതിനൊന്ന് നില കെട്ടിടത്തിന്റെ മുകളിൽനിന്നു ചാടിയ കുട്ടിയെ ആശുപത്രിയിലെത്തിച്ചുവെങ്കിലും രക്ഷിക്കാനായില്ലെന്ന് പൊലീസ് അറിയിച്ചു.

## അരുണാചലിൽ ഹിമപാതം: ഏഴ് സൈനികരെ കാണാതായി

ഇറ്റാനഗർ: അരുണാചൽ പ്രദേശിൽ കനത്ത മഞ്ഞുവീഴ്ചയിലകപ്പെട്ട് ഏഴ് സൈനികരെ കാണാതായി. ഉയർന്ന പ്രദേശമായ കമെങ് മേഖലയിലാണ് മഞ്ഞുവീഴ്ചയുണ്ടായത്. പട്രോളിങ്ങിന്റെ ഭാഗമായ സൈനികസംഘമാണ് അപകടത്തിൽപ്പെട്ടത്.

സൈനികരെ കണ്ടെത്താനുള്ള ശ്രമങ്ങൾ ഊർജിതമായി തുടരുകയാണെന്ന് സൈനിക ഉദ്യോഗസ്ഥർ അറിയിച്ചു. വ്യോമമാർഗവും തെരച്ചിൽ ആരംഭിച്ചിട്ടുണ്ട്.

കഴിഞ്ഞ കുറച്ചു ദിവസങ്ങളിലായി സംസ്ഥാനത്ത് കനത്ത മഞ്ഞുവീഴ്ച തുടരുകയാണ്. ഇറ്റാനഗറിനടുത്തുള്ള ദാരിയ ഹില്ലിൽ 34 വർഷത്തിനു ശേഷമുള്ള ഏറ്റവും വലിയ മഞ്ഞുവീഴ്ചയാണ് ഉണ്ടായത്. വെസ്റ്റ് കമെങ് ജില്ലയിലെ രൂപ പട്ടണം രണ്ട് പതിറ്റാണ്ടുകൾക്ക് ശേഷമുള്ള മഞ്ഞുവീഴ്ചയ്ക്ക് സാക്ഷ്യം വഹിച്ചതായി കാലാവസ്ഥാ കേന്ദ്രം പറയുന്നു.

# സ്പുട്നിക് ലൈറ്റ് ഒറ്റ ഡോസ് വാക്സിന് ഇന്ത്യയിൽ അനുമതി

ന്യൂഡൽഹി: റഷ്യൻ നിർമ്മിത വാക്സിനായ സ്പുട്നിക് ലൈറ്റ് സിംഗിൾ ഡോസ് വാക്സിന് അടിയന്തര ഉപയോഗത്തിന് അനുമതി. വിദഗ്ധരുടെ ശുപാർശ ഡ്രഗ്സ് കൺട്രോളർ അംഗീകരിച്ചതായി കേന്ദ്ര ആരോഗ്യമന്ത്രി ഡോ മൻസൂഖ് മാണ്ഡവ്യ അറിയിച്ചു. ഇതോടെ രാജ്യത്ത് അനുമതിയുള്ള വാക്സിനുകളുടെ എണ്ണം ഒൻപതായി. രാജ്യത്ത് ഇതുവരെ 12 ലക്ഷത്തിലധികം സ്പുട്നിക് വാക്സിനുകൾ വിതരണം ചെയ്തിട്ടുണ്ട്.

കോവിഡിന്റെ തീവ്രവകഭേദമായ ഡെൽറ്റയ്ക്കെതിരെ സിംഗിൾ ഡോസ് വാക്സിൻ 70 ശതമാനം ഫലപ്രാപ്തിയുണ്ടെന്നാണ് കമ്പനി അവകാശപ്പെടുന്നത്. സ്പുട്നിക് ലൈറ്റ് വാക്സിൻ ഒമിക്രോണിനെതിരായ വൈറസ് ന്യൂട്രലൈസിങ് പ്രവർത്തനം ഗണ്യമായി വർധിപ്പിക്കുന്നതായി കണ്ടെത്തിയിരുന്നു.

## പ്രതിക്ക് ഒത്താശ: തിഹാർ ജയിലിലെ മൂന്ന് ജീവനക്കാരെ സ്ഥലം മാറ്റി

ന്യൂഡൽഹി: തട്ടിപ്പുകേസിൽ തിഹാർ ജയിലിൽ കഴിയുന്ന സുകേഷ് ചന്ദ്രശേഖറിനെ മറ്റൊരു ജയിലിലേക്ക് മാറ്റി. ഇയാൾക്ക് സൗകര്യങ്ങൾ ചെയ്തുകൊടുത്തതിന്റെ പേരിൽ മൂന്ന് ജയിൽ ജീവനക്കാരെ സ്ഥലം മാറ്റിയതായും അധികൃതർ അറിയിച്ചു. ഇയാൾ ഒരു അന്തേവാസിയുടെ സഹോദരന്റെ ബാങ്ക് അക്കൗണ്ടിലേക്ക് 1.25 ലക്ഷം രൂപ നിക്ഷേപിച്ചതായി ഉദ്യോഗസ്ഥർ പറഞ്ഞു.

200 കോടി രൂപയുടെ സാമ്പത്തിക തട്ടിപ്പ് കേസിൽ അറസ്റ്റിലായ ഇയാൾക്ക് ജയിലിൽ മൊബൈൽ ഫോൺ ഉപയോഗിക്കാനും പ്രത്യേക സെല്ലിൽ ഒറ്റയ്ക്ക് താമസിക്കാനും കഴിഞ്ഞത് ഏറെ വിവാദമായിരുന്നു. മലയാളി നടി ലീന മരിയ പോൾ അടക്കം ആകെ 14 പേരെയാണ് ഡൽഹി പൊലീസിന്റെ സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം അറസ്റ്റ് ചെയ്തിട്ടുള്ളത്.

# സ്കൂൾ കലോത്സവത്തിനിടെ വിദ്യാർഥിനിയെ പീഡിപ്പിച്ചു; ഒന്നര വർഷത്തിന് ശേഷം പ്രതി പിടിയിൽ

മലപ്പുറം: സ്കൂൾ കലോത്സവത്തിനിടെ വിദ്യർഥിനിയെ പീഡിപ്പിച്ച യുവാവ് ഒന്നര വർഷത്തിന് ശേഷം അറസ്റ്റിൽ. പൊന്നാനി മരക്കടവ് സ്വദേശി മൂസാൻറെ പുരക്കൽ നൗഫൽ (32) നെയാണ് പൊന്നാനി പോലീസ് അറസ്റ്റ് ചെയ്തത് .

ഒന്നര വർഷം മുൻപ് പൊന്നാനി താലൂക്കിൽ സ്കൂൾ കലോത്സവം നടക്കുമ്പോൾ മുഖം കഴുകാനാനെത്തിയ പെൺകുട്ടിയെ കുളിമുറിയിൽ ഒളിച്ചിരുന്ന പ്രതി പീഡിപ്പിക്കുകയായിരുന്നു. ഇയാൾ പീഡന ദൃശ്യങ്ങൾ മൊബൈലിൽ പകർത്തുകയും ചെയ്തിരുന്നു. ഇതിനിടെ പ്രതിയിൽ നിന്നും കുതറിമാറി പെൺകുട്ടി പുറത്തേക്ക് ഓടിരക്ഷപ്പെട്ടു.

അടുത്തിടെ പെൺകുട്ടിക്ക് പ്രതി മൊബൈൽ ദൃശ്യങ്ങൾ അയച്ചു നൽകി. ഇതോടെ പഠനത്തിൽ ശ്രദ്ധ നഷ്ടപ്പെട്ട് അസ്വസ്ഥയായ കുട്ടിയെ സ്കൂൾ അധികൃതർ കൗൺസലിംഗിന് വിധേയമാക്കിയപ്പോഴാണ് സംഭവം പുറത്തറിഞ്ഞത്.

മരക്കടവ് നിന്നാണ് പ്രതിയെ പിടികൂടിയത്. ഇയാളുടെ സഹോദരൻ ലഹരി ഉപയോഗം മൂലമാണ് മരണപ്പെട്ടതെന്ന് പോലീസ് പറഞ്ഞു. ഇയാളും ലഹരിക്കടിമയാണ് . കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

# ബിയർ കുപ്പിക്കു തലയ്ക്ക് അടിയേറ്റ ഗുണ്ടാ നേതാവ് മെൻറൽ ദീപു മരിച്ചു

പോത്തൻകോട്: ആക്രമണത്തിൽ പരിക്കേറ്റു ചികിത്സയിലായിരുന്ന ഗുണ്ടാത്തലവൻ ചികിത്സയിലിരിക്കെ മരിച്ചു. ദിവസങ്ങൾക്കു മുന്പ് ചന്തവിളയിൽ ഉണ്ടായ ആക്രമണത്തിൽ പരിക്കേറ്റ ശ്രീകാര്യം പോങ്ങുംമൂട് ബാപ്പുജി നഗർ രോഹിണിയിൽ മെൻറൽ ദീപു എന്ന് വിളിക്കുന്ന ദീപു (39) ആണ് മരിച്ചത്.

ബുധനാഴ്ച രാത്രി സുഹൃത്തുക്കൾ ചേർന്നു ചന്തവിളയിലെ കടത്തിണ്ണയിലിരുന്നു മദ്യപിക്കുന്നതിനിടെ സംഘർഷമുണ്ടാവുകയും ദീപുവിൻറെ തലയ്ക്കു ബിയർ കുപ്പികൊണ്ടും കല്ലുകൊണ്ടും അടി ഏൽക്കുകയുമായിരുന്നു.

ഗുരുതരമായി പരിക്കേറ്റ ദീപുവിനെ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ചികിത്സയിലിരിക്കെ ഇന്നു രാവിലെയോടെ മരിക്കുകയായിരുന്നു. സംഭവവുമായി ബന്ധപ്പെട്ടു നാലുപേരെ കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്. നിരവധി കേസുകളിൽ പ്രതിയും ഗുണ്ടാലിസ്റ്റിൽ ഉള്ള ആളുമാണ് ദീപുവെന്നു പോലീസ് പറഞ്ഞു.

ആക്രമണം നടന്നതിനു ശേഷം സംഭവുമായി ബന്ധപ്പെട്ടു ശാസ്തവട്ടം കുണ്ടയത്തു ക്ഷേത്രത്തിനു സമീപം ഗിരിജാഭവനിൽ പ്രവീൺ കുമാർ (32), ഇടക്കരിയ്ക്കകം ബി.എൽ ഭവനിൽ ലിബിൻ (32), അരുവിക്കരക്കോണം ചിറ്റൂർ പൊയ്ക വീട്ടിൽ സുനിൽ കുമാർ എന്ന അയിരൂപ്പാറ കുട്ടൻ (46), കല്ലടിക്കോട് സ്റ്റീഫൻ എന്നു വിളിക്കുന്ന ശബരി ( 31 ) എന്നിവരെ പോലീസ് കസ്റ്റഡിയിൽ എടുത്തിരുന്നു.

# റേഷനരി വലിയങ്ങാടിയിലെ കടയിൽ; ഗോഡൗണുകളിലും റേഷൻ കടകളിലും പരിശോധന

കോഴിക്കോട്: കോഴിക്കോട് വലിയങ്ങാടിയിലെ കടയിൽനിന്നു റേഷനരി പിടിച്ചെടുത്ത സംഭവത്തിൽ പോലീസ് അന്വേഷണം ഊർജിതമാക്കി. ഗോഡൗണുകൾ പരിശോധിക്കും. നേരത്തെ തന്നെ ഇത്തരം പരാതികൾ ഉയർന്ന ഗോഡൗണുകളിൽനിന്നാണ് അരി വ്യാപാരികൾക്കു ലഭിച്ചതെന്നാണ് വിവരം.

വലിയങ്ങാടിയിലെ കടയിൽനിന്നു റേഷനരി പിടിച്ചെടുത്ത സംഭവത്തിൽ പോലീസ് അന്വേഷണം ഊർജിതമാക്കി. സിവിൽ സപ്ളൈസ് വകുപ്പം വിശദമായ അന്വേഷണം ആരംഭിച്ചിട്ടുണ്ട്. പിടിച്ചെടുത്ത അരി റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന മട്ട അരിയാണെന്ന് സിവിൽ സപ്ളൈസ് വകുപ്പ് സ്ഥിരീകരിച്ചിട്ടുണ്ട്.

ശനിയാഴ്ച വൈകിട്ടാണ് വലിയങ്ങാടിയിലെ സീനാ ട്രേഡേഴ്സിൽനിന്നു ലോറിയിൽ കയറ്റുകയായിരുന്ന 183 ചാക്ക് റേഷനരി ടൗൺ പോലീസ് പിടിച്ചെടുത്തത്. ഒരു ചാക്കിൽ 50 കിലോ വീതം അരിയാണുള്ളത്. ഇതുമായി ബന്ധപ്പെട്ടു കടയുടമ നിർമ്മൽ, ലോറി ഡ്രൈവർ അപ്പുക്കുട്ടൻ, കടയുടമയുടെ സഹായി ഹുസൈൻ എന്നിവരെ പോലീസ് അറസ്റ്റ് ചെയ്തിരുന്നു. മലപ്പുറത്തെ വളാഞ്ചേരിയിലേക്കായിരുന്നു അരി കടത്താൻ ശ്രമിച്ചത്.

വകുപ്പുതല അന്വേഷണം സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ ആരംഭിച്ചിട്ടുണ്ട്. താലൂക്ക് സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിൽ റേഷനിംഗ് ഇൻസ്പെക്ടർമാർ എല്ലാ റേഷൻ കടകളിലും പരിശോധന നടത്തും. കോഴിക്കോട് സൗത്ത്, നോർത്ത് റേഷനിംഗ് ഓഫീസുകളുടെ പരിധിയിലുള്ള റേഷൻ കടകളിലാണ് ആദ്യഘട്ടത്തിൽ പരിശോധന നടത്തുക.

റേഷനരി പിടിച്ചെടുത്തത് വലിയങ്ങാടിയിൽനിന്നായതിനാൽ കടലോര മേഖലയിൽനിന്നുള്ള അരിയാണിതെന്നാണ് പ്രാഥമിക നിഗമനം. റേഷനരി കാർഡുടമകൾ വാങ്ങിയ ശേഷം മറിച്ചുവിറ്റതാകാനുള്ള സാധ്യത കുറവാണ്. കാർഡുടമകൾ വാങ്ങാത്ത അരി റേഷൻ കടക്കാർ മറിച്ചുവിറ്റതാണോ, കാർഡുടമകൾക്കു നൽകാതെ കടക്കാർക്കു വിറ്റതാണൊ എന്നാണ് അന്വേഷിക്കുന്നത്.

സിവിൽ സപ്ലൈസ് വകുപ്പിൻറെ ഗോഡൗണിൽനിന്നു നേരിട്ടു മറിച്ചതാണോയെന്നും അന്വേഷിക്കുന്നുണ്ട്. ഇതിനായി സിവിൽ സപ്ലൈസ് വകുപ്പിൻറെ വെള്ളയിൽ, ബേപ്പൂർ, വെസ്റ്റ്ഹിൽ ഗോഡൗണുകളിൽ വിശദമായ പരിശോധന നടത്താൻ തീരുമാനമായിട്ടുണ്ട്.

ഏതു റേഷൻ കടയിൽനിന്നുള്ള അരിയാണിതെന്നും കണ്ടെത്താനും ശ്രമം നടക്കുന്നുണ്ട്. സിവിൽ സപ്ളൈസ് വകുപ്പ് ഗൗരവത്തിലാണ് പ്രശ്നം കൈകാര്യം ചെയ്യുന്നത്. കുറ്റം കണ്ടു പിടിക്കപ്പെട്ടാൽ ശക്തമായ നടപടിയുണ്ടാകുമെന്ന് അധികൃതർ അറിയിച്ചു. കടയുടമയുൾപ്പെടെ സംഭവത്തിൽ മൂന്നു പേരാണ് ഇതുവരെ പിടിയിലായത്

## സിൽവർലൈൻ പദ്ധതിക്ക് പരിസ്ഥിതി അനുമതി ആവശ്യമില്ലെന്ന് കേന്ദ്രം

ന്യൂഡൽഹി: സിൽവർലൈൻ പദ്ധതിക്ക് പരിസ്ഥിതി അനുമതി ആവശ്യമില്ലെന്ന് കേന്ദ്രസർക്കാർ. പരിസ്ഥിതി അനുമതിക്കായി ഇതുവരെ അനുമതികളൊന്നും ലഭിച്ചിട്ടില്ലെന്നും റെയിൽവേ പദ്ധതികൾ പരിസ്ഥിതി ആഘാത പഠനത്തിൻറെ പരിധിയിൽ വരുന്നതല്ലെന്നും കേന്ദ്രം വ്യക്തമാക്കി.

പദ്ധതിയുമായി ബന്ധപ്പെട്ട് പ്രാഥമികമായ പരിസ്ഥിതി ആഘാത പഠനം കേരളം നടത്തിയെന്ന സൂചനയാണ് ഡിപിആറിൽ നിന്നും ലഭിച്ചത്. പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു പരാതി ലഭിച്ചുവെന്നും അതിന് മറുപടി നൽകിയെന്നും കേന്ദ്രം അറിയിച്ചു.

## ജെഎൻയുവിലെ ആദ്യ വനിതാ വൈസ് ചാൻസിലറായി ശാന്തിശ്രി പണ്ഡിറ്റ്

ന്യൂഡൽഹി: ജവഹർലാൽ നെഹ്റു സർവകലാശാലയിലെ ആദ്യ വനിതാ വൈസ് ചാൻസിലറായി ശാന്തിശ്രീ ദുലിപുഡി പണ്ഡിറ്റ് ചുമതലയേറ്റു. നിലവിൽ പുനെ സാവിത്രിഭായി ഭൂലെ സർവകലാശാലയിലെ പ്രൊഫസറാണ് ശ്രീന്തിശ്രി.

ജെഎൻയുവിലെ വൈസ് ചാൻസിലറായി ശാന്തിശ്രിയെ നിയമിച്ചതായി വിദ്യാഭ്യാസ മന്ത്രാലയം ഇന്നാണ് പ്രഖ്യാപിച്ചത്.

ജവഹർലാൽ നെഹ്റു സർവകലാശാലയുടെ ആക്ടിംഗ് വിസി എം. ജഗദേഷ് കുമാർ കഴിഞ്ഞ ആഴ്ച യൂണിവേഴ്സിറ്റ് ഗ്രാൻറ്സ് കമ്മീഷൻ ചെയർപേഴ്സൺ ആയി സ്ഥാനമേറ്റതിനെത്തുടർന്നാണ് വിസി പദവി ശാന്തിശ്രീ പണ്ഡിറ്റിനെ തേടിയെത്തുന്നത്. ജെഎൻയുവിലെ തന്നെ പൂർവ വിദ്യാർഥിനിയാണ് ശാന്തിശ്രീ.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers,
TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.